ARYARATHNA C.S. LTD.
P.B. 9 KOTTAYAM



ആത്മഗീതം

ടി. കെ. നാരായണക്കുറുപ്പ്



0459-231347

9387371347

ആത്മഗീതം



കാളൻ കൈലാസ്
കടുവിനാൽ പി. ഒ.
വള്ളികുന്നം-690 541
ആലപ്പുഴ ജില്ല
ഫോൺ 0479-2371347

(Malayalam)

Atmageetham

Poem

By T. K. NARAYANAKURUP

First Published May 1935
Reprinted July 1975


PF .D AT INDIA PRESS, KOTTAYAM

Price Rs. 3·00

Copyright:
G. Lakshmikutty Amma

Publishers:
Sahitya Pravarthaka Co-operative Society Ltd., Kottayam, Kerala State, India

Sales Department:
NATIONAL BOOK STALL
KOTTAYAM – TRIVANDRUM – ERNAKULAM – CANNANORE
TRICHUR – PALGHAT – QUILON – KOZHIKODE – ALLEPPEY



ആത്മഗീതം

(കവിത)

പാപ്പൻകൈലാസ്
കടുവിനാൽ പി.
വള്ളികുന്നം - 690 52[illegible]
ആലപ്പുഴ ജില്ല

ടി. കെ. നാരായണക്കുറുപ്പ്

പ്രസാധകന്മാർ
സാഹിത്യപ്രവർത്തക സഹകരണസംഘം

നാഷനൽ ബുക്ക്സ്റ്റാൾ

കോട്ടയം

വില ക. 3.00

S3119 B2030 15/75-76 2-1000 MF 16



ടി. കെ. നാരായണക്കുറുപ്പ് (തേവാടി)
ജനനം: കൊ.വ. 15-6-1083 (1908 ക്രി.വ.) (1908)
മരണം: കൊ.വ. 8-3-1139 (1963 ക്രി.വ.)

രാജൻകൈലാസ്
കടുവിനാൽ പി.ഒ.
വള്ളികുന്നം - 690 502
ആലപ്പുഴ ജില്ല

ഒന്നാംപതിപ്പിന്റെ

മുഖവുര

ഞാൻ എന്റെ കൈവശമുള്ള കരിക്കട്ടകൊണ്ട് സുന്ദരമായ ചന്ദ്രബിംബം വല്ലപാടും വരച്ചുവച്ചു! പനിനീർപൂവിന്റെ അഴകുകൊണ്ട് ഞാൻ നിർമ്മിച്ച മുരളിയിൽ എന്റെ പരുഷസ്വരം പകർത്തി! ചിത്രത്തിന്റെ സംഗീതം—അതത്രേ സംഗീതത്തിന്റെ ചിത്രം! ആ നിലാവു പുരണ്ട സ്വപ്നം, സഹൃദയലോകത്തിന്റെ കാല്ക്കൽ ഞാനെങ്ങനെ കാഴ്ചവയ്ക്കും! ഹൃദയം തുടിക്കുന്നു, കൈയ്കൾ വിറയ്ക്കുന്നു...

തൃപ്തിയുടെ ചെറുകിരണംപോലും കണ്ടില്ല. ആശയുടെ തൊണ്ട എപ്പോഴും വരണ്ടിരിക്കും. എത്ര എത്ര ദുനീർ ചൊരിഞ്ഞാലും അയാളുടെ കപ്പിൽ ഒരുതുള്ളിയാകയില്ല! നൃലിട്ടാലെത്താത്ത നിരാശയുടെ ആഴത്തിൽ എത്തിച്ചേരാൻ എത്ര എളുപ്പം!

എന്റെ ബഹുമാനത്തെ തികച്ചും അർഹിക്കുന്നവരും, സാഹിത്യലോകത്തിൽ ലബ്ധപ്രതിഷ്ഠന്മാരായ ചിലർതന്നെ, ഈ കവിതയിലെ ചില ഭാഗം മാറ്റിയാൽ നന്നായിരിക്കുമെന്നു് എന്നോടു് ഉപദേശിച്ചു. ആ അഭിപ്രായം സ്വീകരിക്കുവാൻ എനിക്കു സാധിക്കാതെപോകുന്നതിൽ അവർ ക്ഷമിക്കുമാറാകണം. ആദ്യഗീതത്തിലെ 'പൂനിലാവു്' എന്ന പ്രയോഗംതന്നെ സമഞ്ജസമല്ലെന്നു്, അവരുടെ അഭിപ്രായം. 'പൂനിലാവു' മാറ്റിയാൽ പ്രഭാതത്തിലെ പ്രകാശത്തിൽപ്പോലും ആ കവിത ഇരുട്ടിലാകുമെന്നു്, എന്റെ വിശ്വാസം. ഞാൻ എന്തുചെയ്യും? അവ

രുടെ ദയയ്ക്കും സ്നേഹത്തിനും എന്റെ കൃതജ്ഞതയുടെ കൂപ്പുകൈ, പ്രത്യേകം പ്രത്യേകം അർപ്പിച്ചു ഞാൻ തെല്ലൊന്നു കൃതാർത്ഥനാകാം.

മനോഹരമായ ഒരവതാരിക എഴുതി ആത്മഗീതത്തെ അനുഗ്രഹിച്ചു വിമർശകലോകത്തിലെ യുവകേസരിയോടു് എനിക്കുള്ള കൃതജ്ഞത അതിരറ്റതാണു്. ഈ പ്രസിദ്ധീകരണത്തിൽ എന്നെ സ്നേഹപൂർവ്വം പ്രോത്സാഹിപ്പിച്ച എല്ലാവരോടും, വിശിഷ്യ പുസ്തകരൂപത്തിൽ ഇതിത്ര കമനീയമാക്കിത്തന്ന ശ്രീരാമവിലാസം പ്രസ്സുടമസ്ഥന്മാരോടും എനിക്കു വളരെ വളരെ നന്ദിയുണ്ടു്.

പടി, കൊല്ലം
20-9-1110

ഗ്രന്ഥകർത്താവു്

അവതാരിക

കൈരളിയുടെ കളിപ്പൂങ്കാവനത്തിൽ എങ്ങോനിന്നോ പിഴതെട്ടുത്തു വളരെദൂരം കൊണ്ടുവന്നു നട്ടുപിടിപ്പിച്ച ചെടികളാണധികം. മണ്ണിന്റെ ഗുണംകൊണ്ടോ എന്തോ ഒരുതരം ദേശീയത ഈ ചെടികളിൽ പലതിലും വ്യാപിച്ചിട്ടുണ്ടെന്നു പറയാം. വിദേശങ്ങളിൽനിന്നു കടംവാങ്ങിയതും ദാനംവാങ്ങിയതുമായി ഇവയിൽ പലതുമുണ്ട്. ചിലതിന്റെ ബീജംമാത്രം അന്യരുടെ പക്കൽനിന്നും വാങ്ങി ഇവിടെ നട്ടുപിടിപ്പിച്ചു സ്വന്തമാക്കിത്തീർത്തിരിക്കുന്നു. മറ്റു പലതും ഒട്ടുമാവുകളെപ്പോലെ ഇരിക്കുന്നെങ്കിലും ഫലം അതുതന്നെ നന്നല്ല. ഇന്നത്തെ മഹാകവികളും യുവകവികളും പല വ്യാജച്ചരക്കുകളും ഇവിടെ ചെലവാക്കിവരുന്നുമുണ്ട്. ഇവർ തമ്മിലുള്ള ഒരു സാമ്യം, ഇരുകൂട്ടരും ഒന്നുപോലെ മഹത്തായ മോഷണങ്ങടംതന്നെ നടത്തുന്നു എന്നുള്ളതാണ്. ഇന്നു കാണുന്ന പല ചെറുകഥകളും ലഘുകവിതകളും, വിദേശികടം എഴുതിയതുതന്നെയും, കേരളീയരായ സാഹിത്യചോരന്മാക്കുവേണ്ടിയാണെന്നു തോന്നിപ്പോകുന്നു. കവികടം തമ്മിൽ ആശയസാമ്യം വന്നുകൂടുന്നതിനെ മനസ്സിലാക്കാൻ കഴിയും. പക്ഷേ, തൊണ്ടി തൊണ്ടിയായിത്തന്നെയിരിക്കുമ്പോടം അക്കഥ പറയേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. ഇങ്ങനെ ഏറ്റവും അസഹ്യമായ ഒരന്തരീക്ഷത്തിൽ കേരളീയരിലാരെങ്കിലും ഒരു നല്ല സ്വതന്ത്രകൃതികൊണ്ട് കൈരളിയെ അച്ചിക്കുന്നെങ്കിൽ അതു് ആ ദേവിയുടെ ഭാഗ്യംകൊണ്ടതന്നെയാണെന്നേ ഞാൻ വിചാരിക്കുന്നുള്ള. എന്റെ ആരാധനസ്സു വിഷയമായ ഈ 'ആത്മഗീതം' ഒരൊന്നാംതരം സ്വതന്ത്രമലയാളകൃതിയാണെന്നു കാണുന്നതിലുള്ള ആനന്ദാതിരേകം അവർണ്ണനീയമാണ്. അതു് അത്യന്തം വിജയകരമായ ഒരു മിസ്റ്റിക്കവിതകൂടിയാണെന്നറിയു

മ്പോഴും, സുദൂർല്ലഭമായ ഒരുത്സവം കാണുമ്പോഴെന്നപോലെ, ആഹ്ലാദപൂർണ്ണമായ എന്റെ ഹൃദയം ഞാൻ അറിയാതെതന്നെ നിലവിട്ട് ആഞ്ഞുകുതിക്കുന്നു.

അവതാരികാകാരനു് മിസ്റ്റിക്കവിതയെന്ന പേരിനെക്കുറിച്ചു വളരെ ഭയപ്പെടേണ്ടിയിരിക്കുന്നു. എന്തെന്നാൽ, ആ പേരു കേൾക്കുമ്പോഴത്തന്നെ മന്ദബുദ്ധികളായ ചിലർ നെറ്റിചുളിക്കും. ഇംഗ്ലീഷിലെ മിസ്റ്റ് (Mist) എന്ന ശബ്ദത്തിനു മൂടൽമഞ്ഞു് എന്നൊരർത്ഥമുള്ളതിനാൽ, മിസ്റ്റിക്കവിതയെ 'മൂടൽമഞ്ഞുകവിത'യെന്നു ചിലർ നേരംപോക്കായിട്ടോ, കാര്യമായിട്ടോ പറയാറുണ്ടു്. മിസ്റ്റിക്കവിത തികഞ്ഞ ആലോചനാശക്തിയുള്ളവർക്കു് എറെക്കുറെ മനസ്സിലാക്കാം. മനസ്സിലാകുന്ന ഭാഗങ്ങളുടെ സൗന്ദര്യവും, വിചാരോത്തേജകത്വവുംകൊണ്ടു് മനസ്സിലാകാത്ത ഭാഗങ്ങളുടെ ഗ്രഹണക്ഷമം ഏതാണ്ടു് ഊഹിക്കത്തക്കതുമാണു്. മിസ്റ്റിസിസം തീരെ മനസ്സിലാക്കാൻ വയ്യാത്തവർ ബഹുജനങ്ങളുടെ രുചിഭേദത്തെ ആസ്പദമാക്കി, അതു പുച്ഛാർഹമല്ലെന്നെങ്കിലും വിചാരിക്കേണ്ടതാണു്. ഏതായാലും മിസ്റ്റിസിസം മനസ്സിലാകാത്തവരുടെ ആക്ഷേപങ്ങൾ ക്ഷന്തവ്യങ്ങളാണെന്നു പറയാം. എന്തെന്നാൽ, അതു മനസ്സിലാകുന്നപക്ഷം ആക്ഷേപങ്ങൾ പിൻവലിക്കാൻ അവർ തയ്യാറാകുമെന്നുള്ള ഒരാശയ്ക്കെങ്കിലും അവിടെ വഴിയില്ലാതില്ല. ഇനി വേറെ ഒരുകൂട്ടർ ഉണ്ടു്. മിസ്റ്റിസിസം മുഴുവൻ തങ്ങൾ മനസ്സിലാക്കിക്കഴിഞ്ഞുവെന്നും, അതു് 'ഗ്രന്ഥാർത്ഥകവിത'യാണെന്നുമാണു് അവർ സിദ്ധാന്തിക്കുന്നതു്.

മിസ്റ്റിസിസത്തെപ്പോലെ ജനസാമാന്യത്തിന്റെ മിഥ്യാബോധത്തിനടിപ്പെട്ടുപോയ ഒരു അവസ്ഥാവിശേഷം വേറെ ഉണ്ടോയെന്നു സംശയമാകുന്നു. സ്വഭാവേനതന്നെ അതു 'ഗ്രന്ഥാർത്ഥകവിത'യെന്ന ദോഷാരോപണത്തിനു വശഗമായിരിക്കുന്നതായി സമ്മതിക്കാതെ ഗത്യന്തരമില്ല. ഈ നാമകരണമനുസരിച്ചു നോക്കുമ്പോൾ വ്യംഗ്യാർത്ഥപ്രധാനമായ ഏതു വാക്യവും മിസ്റ്റിക്കവിതയാണെന്നു സിദ്ധിക്കുന്നു. എന്നാൽ, കേവലം 'അർത്ഥം

പറച്ചിൽ' അഥവാ വ്യാഖ്യാനം മിസ്റ്റിസിസത്തിൽനിന്നു ബഹുദൂരം അകന്നിരിക്കയാണുചെയ്യുന്നതു്. അവ്യാഖ്യേയമായ മിസ്റ്റിക്കവിത അർത്ഥശൂന്യമായ ഒരുവക പ്രലപനമാണെന്നു ചില മൂഢമതികൾ വിചാരിക്കുന്നതു് ഒരുതരത്തിൽ വളരെ ശരിയാണു്. ഈ അവസ്ഥയിൽ, അതു 'ഗ്രഹാർത്ഥകവിത'യെന്ന ഉച്ചിവാദത്തിനു കീഴടങ്ങുകയില്ലെന്നു വ്യക്തമാകുന്നു.

വ്യംഗ്യാർത്ഥപ്രധാനമായ വാക്യത്തിൽ കവി മനഃപൂർവ്വമായി വ്യംഗ്യത്തിനു സ്ഥാനം നല്കുകയാണുചെയ്യുന്നതു്.

''ലാളിച്ചുപെറ്റ ലതയമ്പൊട്ട ശൈശവത്തിൽ
പാലിച്ചു പല്ലവപുടങ്ങളിൽ വച്ചു നിന്നെ''

ഇത്യാദി വാക്യങ്ങളിൽ ഇതു സ്പഷ്ടമാകുന്നു. അഥവാ, വ്യംഗ്യാർത്ഥം കവിയെ സംബന്ധിച്ചിടത്തോളം അനൈച്ഛികമായി വന്നുകൂടുന്നതാണെങ്കിൽ, അതുകൊണ്ടുതന്നെ മിസ്റ്റിസിസം അതിൽനിന്നു് അത്യന്തം വ്യത്യസ്തമായിരിക്കും. എന്തെന്നാൽ, അനപേക്ഷിതമായുണ്ടാകുന്ന അർത്ഥത്തെപ്പറ്റി കവിക്കു നോട്ടമേയില്ല. നേരെ കാണുന്ന അർത്ഥം വായനക്കാർ മനസ്സിലാക്കുന്നതുകൊണ്ടുതന്നെ കവി തൃപ്തനായിത്തീരുന്നു. മിസ്റ്റിസിസത്തിൽ നേരെ കാണുന്ന അർത്ഥം കേവലം അനർത്ഥമായിട്ടേയിരിക്കൂ. അതുകൊണ്ടാണു്, അതു് അർത്ഥശൂന്യമാണെന്നു പലരും എഴുതുകയും പറയുകയും ചെയ്യുന്നതു്. ബാഹ്യമായി ഒരർത്ഥം വേണമെന്നും, ആന്തരമായി വേറൊന്നു വേണമെന്നും മിസ്റ്റിക്കവിക്കു മോഹമില്ല. അദ്ദേഹത്തിനു് ഒരർത്ഥമേ പറയാനുള്ളൂ. മിസ്റ്റിസിസത്തിൽ കവി തന്റെ അമേയമായ അന്തരനുഭവങ്ങളെ അതേപടി ഭാഷയിൽ പകർത്താൻ ശ്രമിക്കുമ്പോഴുണ്ടാകുന്ന കഠിനസമരത്തിൽ, അതു ഗ്രഹാർത്ഥപ്രധാനമാണെന്നോ വ്യംഗ്യാർത്ഥപ്രധാനമാണെന്നോ, കണ്ടുനില്ക്കുന്നവർക്കു തോന്നുന്നതു സ്വാഭാവികമാണെങ്കിലും, ശരിയല്ല.

വ്യംഗ്യാർത്ഥത്തിനു സന്ദർഭംകൊണ്ടുള്ള പ്രസക്തി എപ്പോഴും ഉണ്ടായിരിക്കും. 'കാതിലോല' എന്നുള്ള

ചോദ്യം യഥാർത്ഥത്തിൽ ചോദ്യമായിത്തീരുന്നതു് നായികയും ആളിയുംകൂടി കൂളിക്കാൻ വരുന്നതു കണ്ടുകൊണ്ടു പറയുമ്പോഴാണു്. ചോദ്യമാണല്ലോ അതിലെ വ്യംഗ്യം. എന്നാൽ, മിസ്റ്റിസിസത്തിൽ സന്ദർഭചിന്ത എന്നൊന്നു കണികാണാൻപോലും കിട്ടുകയില്ല. "I know that at the dim end of some day, the Sun will have his last look upon me, and bid me farewell."

''അന്തിയിലൊരുനാളിലാദിത്യൻ വിളറിയ
ചെന്തിരുസ്സൂരാംശുക്കളെങ്ങുമേ പൊരിഞ്ഞാരാൽ,
ചിന്തിടുമല്ലോ തൻറെ ചിന്മയമായി നീണ്ടോ—
രന്തിമയാത്രാലോകമെന്നുടെയാനനത്തിൽ''

(പരി: എം. ആർ. കൃഷ്ണവാര്യർ)

എന്നു് ടാഗോർമഹാകവി പറയുന്നതു യാതൊരു സന്ദർഭത്തേയും പ്രത്യേകം ആസ്പദമാക്കിയല്ല. മറെറാരുതരത്തിൽ പറയുകയാണെങ്കിൽ, സന്ദർഭചിന്തകൊണ്ടു് ഈ വരികൾക്കു മറ്റൊരർത്ഥം വ്യംഗ്യമായുണ്ടാകയില്ലെന്നു കാണാം. ചുരുക്കത്തിൽ മിസ്റ്റിസിസത്തിനു വ്യംഗ്യാർത്ഥത്തെ സാധൂകരിക്കുന്ന ഒരു സന്ദർഭത്തേയും നോക്കേണ്ടതില്ലെന്നും, തൻറെ അനുഭവങ്ങളെ ഭാഷാഗതമാക്കുക മാത്രമാണു കവി ചെയ്യുന്നതെന്നും മനസ്സിലാക്കേണ്ടിയിരിക്കുന്നു.

മിസ്റ്റിസിസം സ്വഭാവേനതന്നെ നിർവ്വചനാതീതമാണെന്നു മുകളിൽ സൂചിപ്പിച്ചുകഴിഞ്ഞു. ഒരു പ്രത്യേക മനഃസ്ഥിതിയുള്ളവർക്കുണ്ടാകുന്നതും ആ പ്രത്യേകമനഃസ്ഥിതിയുള്ളപ്പോഴും എല്ലാവർക്കും ഉണ്ടാകാവുന്നതുമായ ഒരനുഭവവിശേഷത്തെ എങ്ങനെയാണു നിർവ്വചിക്കുക? വാക്കുകൊണ്ടു പറഞ്ഞറിയിക്കാൻവയ്യാത്ത ചില അനുഭവങ്ങൾ നമുക്കെല്ലാവർക്കും ഉണ്ടാകാറുണ്ടു്. ഒരു മിസ്റ്റിക്കവി തൻറെ അനുഭവങ്ങളെ വാഗ്രൂപത്തിൽ പ്രകാശിപ്പിക്കാൻ തുനിയുമ്പോഴും, താൻ ഒരു പുതിയ ഭാഷ കണ്ടുപിടിക്കയാണെന്നു് അയാൾക്കു തോന്നിപ്പോയേക്കാം. അയാൾ കണ്ടുപിടിച്ച പുതിയ ഭാഷ, സാമാന്യഭാഷ മാത്രം വശമുള്ള വാചയിതാക്കളെ അനുപദം അന്ധാ

ളിപ്പിക്കുന്നു. അവർ അയാളുടെ ഗീതങ്ങളെ പ്രലപനങ്ങളെന്നു പേരിട്ടു് അജ്ഞതയുടെ അഗാധതയിലേക്കു തള്ളിത്താഴ്ത്തുകയും ചെയ്യുന്നു. ഇതാണു് മിസ്റ്റിസിസത്തിന്റെ ഇന്നത്തെ അവസ്ഥ.

മിസ്റ്റിസിസം പ്രാധാന്യേന രണ്ടുതരത്തിലാണു കാണുന്നതു്. ഒന്നു് ചിന്താപ്രധാനവും, മറ്റേതു് ഭക്തിപ്രധാനവുമാണു്. രണ്ടിലും ഈശ്വരനെ അഭിമുഖീകരിക്കുകയും സാക്ഷാത്കരിക്കുകയും ചെയ്യുന്ന ഒരു പ്രതീതി ഉണ്ടാകുന്നതാണു്. ഒന്നിൽ ചിന്തയും മറ്റേതിൽ ഭക്തിയും ഏറിയിരിക്കുന്നു എന്നേയുള്ളു. ഭക്തിപ്രധാനമായ മിസ്റ്റിസിസത്തിൽ അപ്രമേയമായ ആ ദിവ്യചൈതന്യവുമായി വേഴ്ച പ്രാപിക്കുന്നതായി അനുഭവപ്പെടുന്നു. ഉപനിഷത്തുകളിലെ മിസ്റ്റിസിസം ചിന്താപ്രധാനവും, ചൈതന്യൻ, നാരദൻ മുതലായ ഭക്തശിരോമണികളുടെ മിസ്റ്റിസിസം ഭക്തിപ്രധാനവുമാകുന്നു. ഈ മിസ്റ്റിസിസത്തെ പ്രായോഗികമായ മിസ്റ്റിസിസമെന്നു പാശ്ചാത്യർ വ്യവഹരിക്കാറുണ്ടു്. പ്രായോഗികമാണെന്നു കരുതി അതു മണിയടികൊണ്ടോ പൂജാദികർമ്മങ്ങൾകൊണ്ടോ ജടിലമാണെന്നു് അർത്ഥംവരുന്നില്ല. ഇക്കാണുന്ന സകലതും ഒരേ അഖണ്ഡചൈതന്യത്തിന്റെ സ്ഫുരണങ്ങളാണെന്നും, താനും അതുമായി വ്യത്യാസമൊന്നുമില്ലെന്നും ഉള്ള വാസ്തവത്തെ ചിന്തകനായ മിസ്റ്റിക് സാക്ഷാത്കരിക്കുമ്പോഴും, ഭക്തൻ നേരിട്ടു് ഈശ്വരനുമായി ഐക്യം നേടുകയും, അങ്ങനെ ഈശ്വരൻ ബാഹ്യവിഷയമായിരിക്കുന്നതിനു പകരം ഒരനുഭവമായി രൂപാന്തരപ്പെടുകയും ചെയ്യുന്നു. ഭക്തിപ്രധാനമായ മിസ്റ്റിസിസത്തിൽ അരുളപ്പാടുകളോ വെളിപാടുകളോ പ്രാർത്ഥനകൾക്കുള്ള മറുപടികളോ ഒരു തരത്തിലും സംഗതമായിത്തീരുന്നതുമില്ല.

ചിന്താപരമായ മിസ്റ്റിസിസം ശങ്കരാചാര്യരുടെ അദ്വൈതസിദ്ധാന്തംപോലെ ഗംഭീരമായ ഒരു യുക്തിവാദമേല്ല. ഒരു വലിയ ചിന്തകൻ മിസ്റ്റിക് ആയിരിക്കണമെന്നുമില്ല. തത്വചിന്തകൻ വെറും നിഷ്ഠരവും നിശിതവുമായ യുക്തിയെ നോക്കെത്താത്ത ദൂരത്തിലേക്കു

പായിക്കുകയും, വായുമണ്ഡലത്തെ പിളർന്ന്, സൗരയൂഥത്തെയും തകർത്ത്, ബ്രഹ്മാണ്ഡചക്രത്തിന്റെ മറുവശത്തേക്ക് അതു് ഇരമ്പിക്കുതിച്ചുകയറുകയും ചെയ്യുന്ന എന്നുള്ളതു വാസ്തവംതന്നെ. പക്ഷേ, അതു മിസ്റ്റിസിസമാകയില്ല. രൗദ്രമായ യുക്തിയും ആനന്ദമയമായ മിസ്റ്റിസിസവും തമ്മിൽ സാമ്യവുമില്ല. ഏതു മിസ്റ്റിസിസത്തിലും ഒരു ദിവ്യമായ വികാരോല്ലാസം സംദൃശ്യമാകുന്നു. ഒരു മഹാസഹൃദയൻ തത്വചിന്തയിലേക്കു കാലൂന്നുമ്പോഴും അയാളുടെ വൈകാരികസത്തയ്ക്കു നാശം സംഭവിക്കുന്നില്ലെങ്കിൽ, മിസ്റ്റിസിസം സംജാതമാകുകതന്നെ ചെയ്യും. ഉപനിഷത്തുകളെഴുതിയ ഭാരതീയമഹർഷിമാർ അങ്ങനെയുള്ളവരായിരുന്നു.

മിസ്റ്റിസിസത്തിനു മതവുമായി വളരെ അടുത്ത ബന്ധമുണ്ടെന്നു് ഇതിനകം വ്യക്തമായിട്ടുണ്ടു്. അതിനു മതവുമായി ബന്ധമുണ്ടെന്നുതന്നെയല്ല, അതിന്റെ ഏറ്റവും ആന്തരമായ ലക്ഷ്യം മതപരമാണെന്നുകൂടി പറയേണ്ടിയിരിക്കുന്നു. മനുഷ്യാത്മാവിനും ഈശ്വരനുമായുള്ള ബന്ധത്തെയോ, ഐക്യത്തെയോപറ്റി പ്രതിപാദിക്കാത്ത യാതൊന്നുംതന്നെ മിസ്റ്റിസിസമായി എണ്ണപ്പെട്ടിട്ടില്ല. ആ ദിവ്യബന്ധത്തെപ്പറ്റി പ്രതിപാദിച്ച മനുഷ്യനു ഹൃദയോൽക്കർഷം നല്കുക എന്നുള്ളതാണു് മിസ്റ്റിസിസത്തിന്റെ ഉദ്ദേശവും, അതിന്റെ പരമമായ ഫലവും. എന്നാൽ ഒരു വ്യത്യാസം പ്രത്യേകം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. മതം മനുഷ്യന്റെ ചുറ്റുപാടുകളിൽനിന്നു ഗതിയാരംഭിക്കുമ്പോൾ മിസ്റ്റിസിസം അവന്റെ ഈശ്വരബോധത്തിൽനിന്നാണു് ഉത്ഭവിക്കുന്നതു്. മനുഷ്യനു ബാഹ്യപ്രപഞ്ചവുമായുള്ള ബന്ധത്തെ ക്രമീകരിച്ചു് അവനു് ആത്മനിയന്ത്രണം സാധിക്കാനുള്ള വഴി ഏതെന്നാണു് മതം അന്വേഷിക്കുന്നതു്. അതിനു് ഏറിയകൂറും സന്മാർഗ്ഗപ്രശ്നങ്ങൾക്കു പോംവഴി കണ്ടുപിടിക്കേണ്ട ഭാരമാണുള്ളതു്. എന്നാൽ മിസ്റ്റിസിസം ഇതിന്റെയൊക്കെ ഫലമായുണ്ടാകുന്ന ഈശ്വരാനുഭൂതിയിൽനിന്നു് ഉത്ഭവിക്കുന്നു. ആ

ഈശ്വരാനുഭൂതി ചിന്താപരമോ, ഭക്തിപരമോ ആയിരിക്കാമെന്നേയുള്ള.

മിസ്റ്റിസിസം വിശദവും പ്രഥമവുമായുണ്ടായത് ഇന്ത്യയിലാണ്. ''ചരിത്രജ്ഞാതമായ സകല മതങ്ങളിലും, മിസ്റ്റിസിസം എല്ലാത്തരത്തിലും കാണുന്നുണ്ട്. അതിന്റെ പ്രത്യേകസ്വഭാവവിശേഷങ്ങളും ഇന്ത്യയിലെ മതങ്ങളിലും, പേർസ്യയിലും, ഇസ്ലാംമതത്തിലുമാണുള്ളത്,'' എന്നിങ്ങനെ ഈവ്ലിൻ അണ്ടർഹില്ലും (Evelyn Underhill), ''മിസ്റ്റിസിസത്തിന്റെ ലാഞ്ഛനകളും എല്ലാ മതങ്ങളിലും കാണ്മാനുണ്ട്. അതിന്റെ പ്രത്യേകസ്വഭാവം ഉപനിഷത്തുകളിലും, ഹൈന്ദവതത്വചിന്താപ്രസ്ഥാനങ്ങളിലുമാണുള്ളത്'' എന്നിങ്ങനെ എച്ച്. ജി. ആൻഡ്രൂസും അഭിപ്രായപ്പെടുന്നു. ഇസ്ലാംമതത്തിലെ സൂഫിസത്തിലാണ് മിസ്റ്റിസിസം ഉള്ളതെന്നു് അദ്ദേഹം തുടർന്നു പറയുന്നുമുണ്ട്. വൈദികകാലംമുതൽതന്നെ ഇന്ത്യയിൽ മിസ്റ്റിസിസം തഴച്ചുവളർന്നിരുന്നു എന്നുള്ളതിനു വേണ്ടുവോളം പല ഭാഗങ്ങളും സാക്ഷ്യംവഹിക്കുന്നതാണ്. ഭാരതീയനാഗരികതയുടെ ഉത്ഭവകാലത്തെപ്പറ്റി ഇതുവരെ ഉണ്ടായിരുന്ന അഭിപ്രായത്തിനു ഗണ്യമായ മാറ്റം വന്നിരിക്കുന്നു. സിന്ധുനദീതീരത്തിലെ ഉദ്ഖനനങ്ങൾ(excavations) മൂലം ആ നാഗരികത പ്രാചീനതകൊണ്ടു ബാബിലൺ, ഈജിപ്ത് മുതലായ പ്രദേശങ്ങളിലെ നാഗരികതയെ അതിശയിക്കുന്നതായി പാശ്ചാത്യരായ പുരാണവസ്തുപര്യന്വേഷകന്മാർ നിസ്സന്ദേഹമായി തെളിയിച്ചിരിക്കുകയാൽ വൈദികകാലത്തിന്റെ പഴക്കം പിന്നെയും വർദ്ധിക്കുന്നു. ഇന്ത്യയിലെ മിസ്റ്റിസിസത്തിന്റെ പഴക്കം എത്രയെന്ന് ഈ പുതിയ അറിവിൽനിന്ന് അനുമാനിക്കാവുന്നതുമാണ്. അക്കാലംമുതൽ മഹർഷി ദേവേന്ദ്രനാഥ ടാഗോർ, അദ്ദേഹത്തിന്റെ പുത്രനായ രവീന്ദ്രനാഥടാഗോർ എന്നിവരുടെ കാലമായ ഈ നൂറ്റാണ്ടുവരെയും മിസ്റ്റിസിസം ഇന്ത്യയിൽ വ്യാപരിക്കയും ചെയ്യുന്നു. ഇതു് ഏറ്റവും അഭിമാനകരമായ ഒരവസ്ഥയാണെന്നു പറയാതെ നിവൃത്തിയില്ല.

യൂറോപ്പിലെ മിസ്റ്റിസിസത്തിന്റെ ഗതി അല്പമൊന്ന വ്യത്യസ്തമാണ്. രണ്ടു വിരുദ്ധകാരണങ്ങളാൽ ജൂതന്മാരും, യവനന്മാരും മിസ്റ്റിസിസത്തെ സംബന്ധിച്ചിടത്തോളം ഒന്നുപോലെ വിമുഖരായിത്തീർന്നു. യവനന്മാരുടെ പ്രസന്നമായ സ്വാഭാവികതാബോധം മിസ്റ്റിസിസത്തിനു് അനുകൂലമല്ലായിരുന്നു. ജൂതന്മാരുടെ അയവില്ലാത്ത ഏകദൈവവിശ്വാസവും, ലൗകികാസക്തിയും, നിയമാനുഷ്ഠാനതീക്ഷ്ണതയും മിസ്റ്റിസിസത്തിന്റെ കവാടം ബന്ധിച്ചു. അതിനാൽ ജൂതന്മാരുടെയും, യവനന്മാരുടെയും നാഗരികത അസ്തമിച്ചതിനുശേഷമാണു് പാശ്ചാത്യലോകത്തിൽ മിസ്റ്റിസിസം ഉദയംചെയ്തതു്. ക്രൈസ്തവമായ മിസ്റ്റിസിസത്തിന്റെ സുവർണ്ണകാലം എ. ഡി. 1250–നും 1500–നും മദ്ധ്യേയായിരുന്നു. പതിമൂന്നും പതിനാലും നൂറാണ്ടുകളിൽ പുലർന്നവന്ന വിശ്വദൈവവിശ്വാസികളുടെ (The Brethren of the Free Spirit) മുദ്രാവാക്യംതന്നെ ''ഇക്കാണുന്നതെല്ലാം ഈശ്വരനാണു്'' എന്നതായിരുന്നു. അവരാണു് യൂറോപ്പിൽ ചിന്താപ്രധാനമായ മിസ്റ്റിസിസം സാവർത്രികമാക്കിത്തീർത്തതു്. ഈ സംഘത്തിൽനിന്നു് എക്കഹാർട്ടു് എന്ന അതിവിശിഷ്ടനായ ഒരു ജർമ്മൻ മിസ്റ്റിക് ഉണ്ടായി. 'ക്രിസ്തുനുകരണം' (Imitation of Christ) എന്ന പ്രസിദ്ധമായ ഗ്രന്ഥമെഴുതിയ തോമസ്സു് എ കെമ്പിസു് ഈ സംഘത്തിൽ ഉൾപ്പെട്ട ആളായിരുന്നെങ്കിലും, പ്രസ്തുതഗ്രന്ഥത്തിൽ മിസ്റ്റിസിസം കാണ്മാനില്ല. ഇവരുടെ സിദ്ധാന്തം ''ഈശ്വരൻ ഏറ്റവും ഉൽകൃഷ്ടജീവി മാത്രമല്ല, അദ്ദേഹം മാത്രമേയുള്ളു, അദ്ദേഹത്തിൽനിന്നു് അന്യമായുള്ളതെല്ലാം വെറും മിഥ്യയും മായയുമാകുന്നു'' എന്നാണു്. 'ക്രിസ്തുനുകരണ'ത്തിന്റെ പല ഭാഗങ്ങളിലും ഈ ചിന്താഗതിയുടെ ലാഞ്ഛനകൾ കാണ്മാനുമുണ്ടു്. ഇന്നത്തെ യൂറോപ്പിലെ ഭയങ്കരമായ ശാസ്ത്രാഭിവൃദ്ധിയും, റീയലിസവും, മതവിദ്വേഷവും മിസ്റ്റിസിസത്തെ അവിടെനിന്നു് ഉച്ചാടനംചെയ്തിട്ടുണ്ടായിരിക്കണം. യുദ്ധകാഹളം മാത്രമാണു് ഇന്നത്തെ യൂറോപ്പിലെ ഏറ്റവും വലിയ മിസ്റ്റിസിസം.

ഭാരതത്തിൽ ദൈവഗത്യം അങ്ങനെയൊരു ദുഃസ്ഥിതി വന്നുകൂടിയിട്ടില്ല. അതിപ്രാചീനമായ ഇവിടത്തെ സംസ്കാരം നശിപ്പിക്കാൻ മെക്കാളെ ചെയ്ത പണി അത്രതന്നെ ഫലവത്തായില്ല. അതിനാൽ കേരളത്തിനു് ഭാരതത്തിന്റെ ഇതരഭാഗങ്ങളിൽനിന്നു മിസ്റ്റിസിസത്തെ സ്വീകരിക്കാൻ ഇന്നും കഴിയുന്നു. കേരളത്തിൽ മിസ്റ്റിക് കവികളോ മിസ്റ്റിക് സാഹിത്യമോ ഉണ്ടായിരുന്നതായി കാണുന്നില്ല. ടാഗോറിന്റെ കൃതികളും വെളിപ്പെട്ടതിനു ശേഷമാണു് മലയാളത്തിൽ മിസ്റ്റിസിസം കണ്ടുതുടങ്ങിയതു്. പാരസികമഹാകവികളിൽനിന്നും കേരളത്തിൽ മിസ്റ്റിസിസം കടന്നിട്ടുണ്ടായിരിക്കണം. മഹാകവി കുമാരനാശാന്റെ ലഘുകാവ്യങ്ങളിൽ മിസ്റ്റിസിസത്തിന്റെ ഈഷല്ലാഞ്ഛനകളുണ്ടെന്നുള്ളതു് അദ്ദേഹംതന്നെ അറിഞ്ഞിരുന്നോ എന്നു സംശയമാണു്. ഒരുപക്ഷേ, അതു് അത്യല്പപരിമാണമാണെന്നുള്ളതായിരിക്കാം ഈ വിസ്മൃതിയുടെ കാരണം. ശ്രീമാൻ നാലപ്പാട്ടു് നാരായണമേനവന്റെ കവിതകളിൽ അങ്ങിങ്ങായി മിസ്റ്റിസിസം കാണ്മാനുണ്ടു്. ശ്രീമാൻ ജി. ശങ്കരക്കുറുപ്പു് പദ്യത്തിലും, ശ്രീമാൻ കൈനിക്കര കുമാരപിള്ള ബി. എ , എൽ. റ്റി. ഗദ്യത്തിലും മിസ്റ്റിസിസത്തെ ഏറെക്കുറെ സമാരാധിക്കുന്നുണ്ടെന്നു പറയാം. എന്റെ പരിചിന്തനത്തിനു വിഷയമായിരിക്കുന്ന ഈ 'ആത്മഗീതം' മലയാളത്തിലെ മിസ്റ്റിക് കവിതകൾക്കു് ഉന്മേഷജനകമായ ഒരു വ്യതിയാനം നല്കിയേക്കുമെന്നു് ഞാൻ ബലമായി ശങ്കിക്കുന്നു.

II

'ആത്മഗീത'ത്തിന്റെ പ്രകാശനം കേവലം ഗദ്യരൂപത്തിലോ, കേവലം പദ്യരൂപത്തിലോ അല്ല. ഇതൊരു 'ഗദ്യകവിത'യാണു്. മലയാളത്തിൽ ഗദ്യകവിതയുടെ ആവശ്യകതയെപ്പറ്റി പ്രസംഗിക്കണമെന്നു ഞാൻ വിചാരിക്കുന്നില്ല. എങ്കിലും ഗദ്യകവിതയെന്ന കേൾ

ക്കുമ്പോഴും ഉണ്ടായേക്കാവുന്ന അനൗചിത്യബോധം നീക്കണമെന്നു കരുതുന്നു.

അവ്യാകുലസുന്ദരമായ ഗദ്യകവിത എളുപ്പം എഴുതി ഫലിപ്പിക്കാവുന്ന ഒന്നല്ല. പദ്യത്തെപ്പോലെ അതിനു വൃത്തം വേണ്ടെന്നു പെട്ടെന്നൊരു തോന്നലുണ്ടാകാം. രമണീയതരളപുളകാദികളായ കുറെ സ്രൈണപദങ്ങളും അടുക്കിയടുക്കിവച്ചാൽ ഗദ്യകവിതയായെന്നും നാം വിചാരിച്ചേക്കാം. എന്നാൽ, ഇതെല്ലാം പരമാബദ്ധങ്ങളാണെന്നു് ആദ്യംതന്നെ പറയേണ്ടിയിരിക്കുന്നു. ഒന്നാമതു്, ഗദ്യകവിതയ്ക്കു വൃത്തമില്ലെന്നു പറയുന്നതുതന്നെ തെറ്റാണു്. രണ്ടാമതു്, 'കിണികിണി'യെന്നു കിലുങ്ങുന്ന കുറെ പദങ്ങളും പ്രയോഗിച്ചതുകൊണ്ടു് ഗദ്യകവിതയാകുകയുമില്ല. ബംഗാളിയിൽ എഴുതിയ ഗീതങ്ങളെ അതേപടി ഇംഗ്ലീഷിലേക്കു തർജ്ജിമചെയ്യാൻ സാധിക്കാതെവന്ന ടാഗോർ മഹാകവി ഒരുതരം ഗദ്യകവിത സ്വീകരിച്ചു. ഗത്യന്തരമില്ലാത്ത ഘട്ടത്തിൽ ആപദ്ധർമ്മമായി സ്വീകരിച്ച നിവൃത്തിമാർഗ്ഗത്തെ ഒരു സാധാരണനിയമമാക്കാമോ എന്നും ചിലർക്കു സംശയം തോന്നിയേക്കാം. ഈ സംശയത്തിനു് ഇതിനുപരി സമാധാനം ലഭിക്കുന്നതാണു്.

ഗദ്യത്തിനു വൃത്തമുണ്ടോ എന്നതാണു് തല്ക്കാലം എന്റെ ആലോചനാവിഷയം. നാം ഒരു വാക്യമെഴുതുമ്പോഴും, അതു സ്വാഭാവികമായി അവസാനിക്കുന്നുണ്ടോ, ഇടയ്ക്കു വല്ല വാക്കുകളും മുഴച്ചുനില്ക്കുന്നുണ്ടോ, അങ്കുശം, അല്പവിരാമം മുതലായ ചിഹ്നങ്ങളും വേണ്ട സ്ഥാനത്തുതന്നെയാണോ വന്നുകൂടിയിരിക്കുന്നതു്, എന്നെല്ലാം ശ്രദ്ധിക്കാറുണ്ടു്. ഒരു ഗ്രന്ഥമെഴുതുമ്പോഴും, ഖണ്ഡിക എഴുതുമ്പോഴും, വാക്യം എഴുതുമ്പോഴും അവ സ്വാഭാവികമായി അവസാനിക്കാതിരുന്നാലുള്ള അസ്വാരസ്യം അനുഭവിച്ചുവർക്കേ അറിഞ്ഞുകൂടൂ. പത്രങ്ങളിൽ കാണുന്ന ചില ഉപന്യാസങ്ങളും, ഖണ്ഡികകളും, പത്രാധിപരുടെ തുലികാപ്രയോഗങ്ങളാൽ ശിഥിലങ്ങളായിത്തീർന്നിരിക്കണമെന്നുപോലും അവ വായിച്ചാലുടൻ നമുക്കറിയാൻ കഴിയുന്നു. സ്വാഭാവികമായി അവസാനിക്കാതെ വല്ലപാടും ചെന്നു

നില്ക്കുന്ന വാക്യം, അതിവേഗത്തിൽ പാഞ്ഞുവന്ന പാറക്കെട്ടുകളുടെ മുകളിൽക്കൂടി കിഴക്കാംതൂക്കായി കടലിൽ പതിക്കുന്ന മോട്ടോർകാറുപോലെയാണു്. അപടവായ വാഹനനിയന്ത്രകന്റെ കൈയിൽപ്പെട്ട ഒരു കാറു് വഴിയരികിലുള്ള വൻമരത്തിൽച്ചെന്നിടിച്ചു തകരുന്നതുപോലെ ആ വാക്യം പാരായണസുഖത്തെ ചിതറിക്കളയുന്നു. നേരേ മറിച്ചു സ്വാഭാവികമായി അവസാനിക്കുന്ന ഒരു വാക്യം വൃത്തമൊത്ത പദ്യംപോലെ ചെവിക്കിമ്പം തരുന്നതുകൂടാതെ ഓർമ്മയിൽ പറ്റിപ്പിടിച്ചിരിക്കയും ചെയ്യുന്നു. ''വാഛ്കയം ജീവിതത്തിന്റെ സുഖാനുഭവങ്ങളെ കറയ്ക്കുന്നതോടുകൂടി, ജീവിച്ചിരിക്കാനുള്ള ആശയെ വർദ്ധിപ്പിക്കുകയും ചെയ്യുന്നു,'' എന്നുള്ള വാക്യം പണ്ടെങ്ങോ കണ്ടതാണെങ്കിലും ഇന്നും ഓർക്കുന്നതു് അതിന്റെ വൃത്തഗുണം കൊണ്ടാകുന്നു. കൊച്ചുകുട്ടികൾ എഴുതുന്ന ചില വാക്യങ്ങൾ അവയുടെ വൃത്തരാഹിത്യംകൊണ്ടുതന്നെ ഗദ്യത്തിനു വൃത്തമുണ്ടെന്നുള്ള വാസ്തവം നമ്മെ ആകസ്മികമായി അനുസ്മരിപ്പിക്കുന്നു.

ലോകത്തിൽ ഇന്ദ്രിയവിഷയമായും മനോവിഷയമായും ഇരിക്കുന്ന എല്ലാ സംഗതികളും വൃത്തരൂപങ്ങളാകുന്നു. ലോകജീവിതത്തിനു് സംസാരമെന്ന പേരുണ്ടായതുതന്നെയും ജീവിതത്തിന്റെ വൃത്താകൃതികൊണ്ടാണെന്നു തത്വപണ്ഡിതന്മാർ പറയും. സമുദ്രത്തിലെ ജലം ആവിയായി ഉയർന്നാലും വീണ്ടും വഷ്ജലമായി സമുദ്രത്തിലെത്തി ഒരു വൃത്തം പൂർത്തിയാക്കുന്നു. വഷ്ങ്ങളും, മാസങ്ങളും, ആഴ്ചകളും, വൃത്തരൂപത്തിൽ കറങ്ങിക്കൊണ്ടിരിക്കുന്നു. സൗരയൂഥവും, ഭ്രമ്യാദിഗോളങ്ങളുടെ ഭ്രമണസ്വരൂപവും, വൃത്തമല്ലാതെ മറ്റൊന്നുമല്ല. എന്തിനധികം? എത്ര ആലോചിച്ചാലും എല്ലാത്തിന്റെയും ഗതിയും സ്വരൂപവും വൃത്താകൃതിയിലാണെന്നുള്ള സിദ്ധാന്തം അഭംഗുരമായി ശേഷിക്കുകതന്നെ ചെയ്യും. ഈ അവസ്ഥയിൽ നമ്മുടെ രക്തപരിവാഹം വൃത്തരൂപമാണെന്നു് ഇനി പ്രത്യേകിച്ചു പറയണമെന്നില്ല. നമ്മുടെ നാഡി രണ്ടുതവണ അടിക്കുന്നതിനുള്ളിൽ ഒരു വൃത്തം പൂർത്തിയാ

കുന്നുണ്ട്. തലച്ചോറിന്റെ പ്രവർത്തനം രക്തപരിവാഹത്തെയും നാഡീസ്പന്ദനത്തെയും ആസ്പദമാക്കിയിരിക്കുന്നു എന്നുള്ളതിനാൽ, ആ തലച്ചോറിൽനിന്നുണ്ടാവുന്ന ചിന്തകളും വർത്തുളങ്ങളാണെന്നു ശരീരശാസ്ത്രജ്ഞന്മാർ സിദ്ധാന്തിക്കുന്നു. ചിന്തയ്ക്കു രൂപമുണ്ടെന്നും അതു വർത്തുളമാണെന്നും കേൾക്കുമ്പോൾ നാം അന്ധാളിച്ചുപോയേക്കാം. എങ്കിലും അല്പമൊന്നാലോചിച്ചുനോക്കിയാൽ അതു സിദ്ധാന്തദശയെ അതിക്രമിച്ച ഒരു വാസ്തവപ്രമാണമാണെന്നു ബോധപ്പെടാതിരിക്കയില്ല.

വൃത്താകൃതിയിൽ ചിന്തിക്കുന്ന ജീവി വൃത്താകൃതിയിൽത്തന്നെ ആശയപ്രകാശനംചെയ്യുന്നതിൽ അത്ഭുതമെന്തുള്ള? പ്രപഞ്ചസൃഷ്ടിയെപ്പറ്റിയുള്ള ഇപ്പോഴും 'ഓം' എന്ന വൃത്തരൂപമായ ശബ്ദത്തിൽ പ്രകാശിച്ചതായി പറയപ്പെടുന്നു. ഇങ്ങനെ യാതൊന്നിലും വൃത്തത്തിൽനിന്നു വേർപെടാൻ മനുഷ്യനു സാധിക്കാത്തതുകൊണ്ടോണ്ട് മാനവസംസ്കാരത്തിന്റെ ആദിമഘട്ടങ്ങളിൽ സാഹിത്യംതന്നെ വൃത്തരൂപമായിരുന്നിട്ടുള്ളതു്. ആദികവി വ്യാധവിപന്നമായ ക്രൗഞ്ചമിഥുനത്തെക്കണ്ടു ശോകിച്ചതും, ആ ശോകം ശ്ലോകമായി പരിണമിച്ചതും ഇതേ പ്രകൃതിനിയമത്തെ സംശയാതീതമായി സ്ഥാപിക്കുന്നു. അന്നു് ഛന്ദശ്ശാസ്ത്രമില്ലായിരുന്നെങ്കിലും വൃത്തനിയമമുണ്ടായിരുന്നു. വേദങ്ങളിലെ സാഹിത്യം ആ നിയമത്തിനു് അനുസരിച്ചു് എഴുതിയിട്ടുള്ളതാണെന്നുള്ളതു നിസ്സംശയമാകുന്നു. പക്ഷേ, ഇന്നത്തെ ഛന്ദശ്ശാസ്ത്രകർത്താക്കൾ ആ വൃത്തങ്ങളിൽ തെറ്റുണ്ടെന്നു നമുക്കു തോന്നാതിരിക്കുന്നില്ല. ഗ്രാവിഡവൃത്തങ്ങളിലുള്ള ചില കവിതകളെടുത്തുവച്ചുകൊണ്ടു പലപ്പോഴും അബദ്ധമായി ചൊല്ലിനോക്കുമ്പോൾ ഒക്കാതെവരുന്നതും, പിന്നീടു് അവയുടെ യഥാർത്ഥവൃത്തത്തിൽ ചൊല്ലുമ്പോൾ ശരിയാകുന്നതും പലർക്കും അനുഭവപ്പെട്ടിരിക്കാം. വൃത്തമറിയാതെ അതു തെറ്റാണെന്നു പറയുന്നതുപോലെയാണു് വേദങ്ങളിലെ വൃത്തങ്ങളിൽ അബദ്ധമുണ്ടെന്നു് വിധിക്കുന്നതും. അന്നു് ഏതു വൃത്തമനുസരിച്ചാണു വേദങ്ങളും എഴുതിയിട്ടുള്ളതെന്നു നമുക്കറിഞ്ഞു

കൂടെന്നേ അതിനത്ഥമുള്ള. മറെറാരുതരത്തിൽ പറയുക യാണെങ്കിൽ, അന്നത്തെ വൃത്തം ഒരുവക ഗദ്യമായിരു ന്നിരിക്കണം എന്നാണു മനസ്സിലാക്കാനുള്ളതു്. താഴെ കാണിക്കുന്ന ഭാഗം ഈ അവസരത്തിൽ അത്യന്തം ശ്രദ്ധേയ മാകുന്നു.

'ശ്രീ'—
യിൽ
ദീർ—
ഘം.

കുറെ അക്ഷരങ്ങളും ഒന്നിനുതാഴെ മന്നായി എഴുതി യിരിക്കുന്നതാണു് മുകളിൽ കാണുന്നതെന്നു വായനക്കാർ ശങ്കിക്കണമെന്നില്ല. അതൊരു ശ്ലോകമാണു്. ഓരോ വരിയിലും ഓരോ 'ഗുരു' മാത്രമുള്ള 'ശ്രീ'വൃത്തത്തിനു് ലക്ഷണനിർദ്ദേശംചെയ്യുന്ന ഒരു ശ്ലോകമാണു് ''ശ്രീയിൽ ദീർഘം'' എന്നുള്ളതു്. ഇതു ഗദ്യമോ, പദ്യമോ, എന്നു വായനക്കാർതന്നെ തീരുമാനിക്കട്ടെ. ഇനി വേറെ ഒരു ശ്ലോകം നോക്കുക:

രണ്ടു—
ങ്ങുണ്ടാം
ദീഘ്രം
'സ്രീ'യ്ക്കു്.

ഇതു് 'സ്രീ' എന്ന മറെറാരു വൃത്തത്തിനു ലക്ഷണ നിർദ്ദേശം ചെയ്യുന്ന ശ്ലോകമാണു്. ഓരോ വരിയിലും രണ്ടു 'ഗുരു'വീതം ഉള്ള ഒരുവക വൃത്തമാണു് 'സ്രീ'. ഇതും പദ്യമാണോ ഗദ്യമാണോ എന്നു നിശ്ചയമില്ലാത്ത വരുണ്ടായാൽ അതിൽ യാതൊരു അത്ഭുതവും തോന്നേ ണ്ടതില്ല ഇങ്ങനെ അനുഷ്ടുപ്പുവരെയുള്ള വൃത്തങ്ങളും പല തും പദ്യത്തിനു വൃത്തമുണ്ടെന്നല്ല, ഗദ്യത്തിനു വൃത്തമി ല്ലാതിരിക്കയില്ലെന്നാണു തെളിയിക്കുന്നതു്. വാല്മീകി ആ ക്രൗഞ്ചപക്ഷികളെ കണ്ടു ശോകിച്ചപ്പോഴും അതിൽ നിന്നു് ഉല്പന്നമായ ശ്ലോകത്തിനു വൃത്തമനേഷിക്കാൻ

അദ്ദേഹത്തിനു നേരമുണ്ടായിരുന്നോ എന്നു സംശയമാണു്. പിൽക്കാലത്തെ ഛന്ദഃശാസ്ത്രകാരന്മാർ വാല്മീകിയുടെ ഗദ്യകവിതയെക്കൂടി തങ്ങളുടെ പദ്യകവിതാസാമ്രാജ്യത്തിലേക്കു പിടിച്ചുടക്കിയതാണെന്നു ബലമായി സംശയിക്കേണ്ടിയിരിക്കുന്നു.

മനുഷ്യന്റെ ചിന്താശക്തി, believing, poetising, investigating എന്നിങ്ങനെ മൂന്നു ഘട്ടങ്ങളിൽക്കൂടിയാണു് ക്രമാനുസാരമായി പുരോഗമിക്കുന്നതെന്നു പ്രൈസ്കാട്ട് എന്ന സാഹിത്യനിരൂപകൻ അഭിപ്രായപ്പെടുന്നു. ഇതിൽ 'വിശ്വസിക്കുക' എന്ന ആദ്യഘട്ടത്തിൽ മനുഷ്യൻ പ്രകൃതിശക്തികളെപ്പറ്റി ആലോചനകൂടാതെ ഓരോ (അന്ധ) വിശ്വാസം രൂപവൽക്കരിക്കുന്നു. രണ്ടാമത്തെ ഘട്ടത്തിൽ അവൻ കാവ്യവ്യാപാരത്തിൽ ഏർപ്പെടുകയും മൂന്നാംഘട്ടത്തിൽ അന്വേഷണചിച്ചുകൊണ്ടു മുതിരുകയും ചെയ്യുന്നു. രണ്ടാമത്തു പറഞ്ഞ കാവ്യവ്യാപാരഘട്ടത്തിൽ അവൻ വൃത്തനിയമങ്ങളെപ്പറ്റി ശ്രദ്ധിക്കുന്നില്ല. വൃത്തങ്ങളും അതിന്റെ നിയമങ്ങളും മൂന്നാംഘട്ടമായ ചർച്ചാ(ശാസ്ത്ര)കാലത്താണുണ്ടാകുന്നതു്. കാവ്യം ആദ്യമായുണ്ടാകാതെ അതിനു വ്യവസ്ഥിതിവരുത്തുന്നതെങ്ങനെ? അതുകൊണ്ടു മൂന്നാംഘട്ടത്തിനുമുൻപുള്ള കവിതകളെല്ലാം ഒരുവക ഗദ്യകവിതകളായിരുന്നിരിക്കണമെന്നു ന്യായമായി അനുമാനിക്കാം. വേദങ്ങളും മുതലായ ആദിമകാവ്യങ്ങളും വൃത്തനിയമങ്ങളും പരിപാലിക്കാത്ത ഒരുവക ഗദ്യകവിതകളായിപ്പോയതിനു കാരണം ഛന്ദഃശാസ്ത്രം ഉണ്ടാകാൻതന്നെ ശാസ്ത്രചർച്ചയെ കുറിക്കുന്ന മൂന്നാംഘട്ടംവരെ താമസിക്കേണ്ടിവന്നതാണു്. ചുരുക്കത്തിൽ ഗദ്യകവിതയുള്ള വൃത്തം കേവലം നൈസർഗ്ഗികവും, ഛന്ദശ്ശാസ്ത്രാബാധ്യവും ആണെന്നു ധരിക്കേണ്ടിയിരിക്കുന്നു.

പദ്യകവിതയിൽത്തന്നെയും പറയത്തക്ക വൃത്തനിബന്ധന ഈ പരിഷ്കൃതകാലത്തുപോലും കാണുന്നില്ല. വളരെ പണിപ്പെട്ട വൃത്തവ്യവസ്ഥചെയ്ത കേരളപാണിനിതന്നെയും തൽസംബന്ധമായ തന്റെ സകല ശ്രമ

ങ്ങളെയും അവസാനമായി ഒരൊറയടിക്കു തട്ടിത്ത കക്കുമാറു് 'വ്യവസ്ഥയെല്ലാം ശിഥിലം' എന്നു് ഉള്ള കാര്യം തുറന്നുപറയുന്നു. അതു പോകട്ടെ. ഒരു വരിക്കു നീളം കുറഞ്ഞും അടുത്തതിനു വളരെ നീളംകൂടിയും ഒരുതരം വൃത്തം കണ്ടിട്ടുണ്ടു്. അതു ചൊല്ലുമ്പോഴത്തന്നെ ഗദ്യകവിതയാണെന്നു മനസ്സിലാകുന്നതാണു്. അപ്രകാരംതന്നെ പൂവ്വാദ്ധ്യം ഒരു വൃത്തത്തിലും ഉത്തരാദ്ധ്യം വേറെ ഒരു വൃത്തത്തിലും, വേണ്ടിവന്നാൽ നാലു വരിത്തന്നെയും നാലു വൃത്തത്തിലും എഴുതിക്കൊള്ളാൻ ആചാര്യന്മാരനുവദിച്ചിരിക്കുന്നു. ഇതിനൊക്കെ 'ഒരുവക വിഷമംപിടിച്ച' വൃത്തങ്ങളെന്നതിനു വരത്തക്ക വിഷമവൃത്തമെന്നോ മറേറാ ആണു് ആളകയം പേരു പറയാറുള്ളതെന്നു തോന്നുന്നു. ഇതെല്ലാം കാണുമ്പോഴും വ്യവസ്ഥയെല്ലാം ശിഥിലമാണെന്നു പറഞ്ഞ ഛന്ദശ്ശാസ്ത്രജ്ഞൻ ആ വാക്കുകളിൽ ''എങ്ങനെയും തുലയട്ടെ'' എന്നമട്ടിൽ ഒരു ആശ്വാസനിശ്വാസംകൂടി ഉള്ളടക്കംചെയ്തിട്ടില്ലേ എന്നാണു സംശയം. ''പ്രധാനം ഗാനരീതിതാൻ'' എന്നു് അദ്ദേഹം പറയുന്നതു ഗദ്യകവിതയെ സംബന്ധിച്ചും കേവലം പരമാത്മായിരിക്കാവുന്നതാണു്.

ഗദ്യകവിതയ്ക്കു നിഷ്ടിഷ്ടമായ ഒരു വൃത്തമില്ലെന്നു വിചാരിക്കുന്നവർക്കു പറയുന്ന ഒരബദ്ധം അതിൽ ധാരാളം സ്വാതന്ത്ര്യത്തോടെ കവിത എഴുതാമെന്നു തോന്നുന്നതാണു്. കണ്ടമാനം കുറെ പദങ്ങൾ കൂട്ടിച്ചേർത്തു് എഴുതാൻ ഗദ്യകവിതയിൽ എളുപ്പമുണ്ടു്. പക്ഷേ, അതുകൊണ്ടതന്നെ ഗദ്യകവിത സുഖസാദ്ധ്യമല്ലാതായിത്തീരുകയും ചെയ്യുന്നു. ആകെക്കൂടി നോക്കുമ്പോഴും, ഗദ്യകവിതയ്ക്കു നിസ്തുലമോഹനവും ആലാപമനോജ്ഞവുമായ ഒരു വൃത്തമുണ്ടെന്നു കാണാം. ഗദ്യകവിത എന്നതു്, പദ്യകവിത പഴഞ്ചനായിപ്പോയതുകൊണ്ടു സ്വീകരിക്കേണ്ട ഒരു പുതിയ പ്രസ്ഥാനമാണെന്നു ചിലർ പറയുന്നു. അതിലുപരം അസംബന്ധം വേറെയില്ല. സ്വതസ്സിദ്ധമായ പ്രൗഢിയോടും കോമളിമയോടുംകൂടി വിലസുന്ന ഒരു സാഹിത്യപ്രസ്ഥാനമാണു് ഗദ്യകവിത. അതിൽ എല്ലാവരും ഒന്നുപോലെ

കൈവച്ചാൽ അത്ര നന്നായിരിക്കുകയുമില്ല. ''വാക്യം രസാത്മകം കാവ്യം'' എന്നുള്ള ആചാര്യമതം ഗദ്യകവിതയെയാണു കൂടുതൽ ബാധിക്കുന്നതെന്നോർക്കണം. രസാത്മകമായി എഴുതുന്ന ഏതു വാക്യവും കാവ്യമായി ഗണിക്കപ്പെടണമെന്നുള്ള ഈ പ്രാചീനമായ അഭിപ്രായം ഗദ്യകവിതയെന്നതു് ആപദ്ധർമ്മമായി സ്വീകരിക്കപ്പെട്ട ഒരു നിവൃത്തിമാർഗ്ഗമല്ലെന്നു തെളിയിക്കുകയും ചെയ്യുന്നു. അനേകം ഭാഷകളിൽ ആദികാലങ്ങളിൽ എഴുതപ്പെട്ട ഗ്രന്ഥങ്ങളെല്ലാം ഗദ്യകവിതകളായിരുന്നു എന്നുള്ളതിനു ലോകപ്രസിദ്ധമായ ഇംഗ്ലീഷ് ബൈബിളുതന്നെ ഒരു ദൃഷ്ടാന്തവുമാണു്. 'ആത്മഗീത'ത്തിൽ കവി എത്രയും സ്വാഭാവികവും, മനോഹരവും ആയ ഗദ്യകവിതയെ ആശയപ്രകാശനത്തിനായി സ്വീകരിച്ചിരിക്കുന്നു എന്നു് ആദ്യം സൂചിപ്പിച്ചിട്ടുണ്ടു്. കാവ്യനിരൂപണപരമായ അനന്തരഭാഗത്തു് അതിന്റെ വൃത്തഭംഗിയും രീതിഗുണവും വെളിപ്പെടുത്താമെന്നു കരുതുന്നു.

III

ഒരു മണൽക്കാട്ടുമുഴുവൻ നീന്തിക്കടന്നതിനുശേഷം ഹരിതവർണ്ണം വിരിച്ച ഒരു മരതകഭൂമിയിൽ പ്രവേശിച്ചതുപോലെ എനിക്കിപ്പോൾ തോന്നുന്നു. ശ്രേഷ്ഠമായ ശാസ്ത്രപാഠം എവിടെ? പൂയേമോഹനമായ കാവ്യാസ്വാദനമെവിടെ? ഞാൻ ഇതുവരെ വായിച്ചിട്ടുള്ള കവിതകളിൽ നിന്നൊക്കെ എത്രയോ ഉൽകൃഷ്ടമായ ഒരു കവിതയെയാണിപ്പോൾ അഭിമുഖീകരിക്കുന്നതെന്നുള്ളതു് നൂതനമായ ഒരു ഉന്മേഷബോധം എന്നിൽ ഉളവാക്കുന്നു. ഒരുപക്ഷേ, ഇത്രനാൾ വായിച്ചിട്ടുള്ള കവിതകളെല്ലാം ഇപ്പോൾ എന്റെ മുൻപിലിരുന്നു മിന്നിത്തിളങ്ങുന്ന കാവ്യരത്നത്തിന്റെ വില അറിവാൻ എന്നെ പരിശീലിപ്പിക്കുകയായിരുന്നിരിക്കുമോ? ഇതിനുമുൻപു് ഞാൻ വായിച്ചതെല്ലാം ഈ ഒരു കവിതയ്ക്കുവേണ്ടിയായിരുന്നില്ലേ? ഈ 'ആത്മഗീത'ത്തിന്റെ പ്രാഭവവും സൗന്ദര്യവും ജഗജ്ജയി

യായ ഗാംഭീര്യവും കാണുമ്പോഴും, കാവ്യലോകപര്യടന ത്തിന്റെ അവസാനലക്ഷ്യത്തിൽ ഞാൻ എത്തിച്ചേർന്ന തായി എനിക്കു തോന്നിപ്പോകുന്നു.

ഏകാന്തമായ സമുദ്രതീരത്തിൽ, പാതിരായുടെ മൗന ത്തിലാണ്ടു് പ്രപഞ്ചവിസ്തൃതമായ ആകാശത്തിൽത്ത ന്നെ ഉറ്റുനോക്കിക്കൊണ്ടിരിക്കുന്ന ഒരു സഹൃദയചിന്ത കനു്, തുടരെത്തുടരെ മങ്ങുകയും മിന്നുകയും ചെയ്യുന്ന ബഹുകോടി നക്ഷത്രങ്ങളിലെല്ലാം ഏതോ അദൃശ്യകരാം ഗ്രലികയം തെരുതെരെ പായുന്നതായും, ഒരു വിദൂരഗഹന മായ പ്രപഞ്ചസംഗീതത്തിന്റെ മന്ദമായ മുഴക്കം അയാ ളുടെ കണ്ണീപുടങ്ങളിൽ കുളിരിയറിക്കൊണ്ടു് കടന്നുപോ കുന്നതായും തോന്നുന്നു. അതേ അദൃശ്യകരാംഗ്രലികയം മനുഷ്യഹൃദയത്തിന്റെ തന്ത്രികളെ പലപ്പോഴും മീട്ടാറു ണ്ടു്. പലരും അതറിയുന്നില്ലെങ്കിലും, ചിലർ തങ്ങളുടെ ഹൃദയവീണയിൽനിന്നുതിരുന്ന ആ ദിവ്യസംഗീതത്തെ ബഹിഃപ്രകാശിപ്പിക്കയും, അതു് 'ആത്മഗീത'മായി ലോകത്തിന്റെ ചക്രവാളസീമയിലേക്കു തരംഗപ്രയാ ണം ആരംഭിക്കയും ചെയ്യുന്നു. ഈ കാവ്യം വായിച്ച പ്പോഴും എനിക്കുണ്ടായ അപരിമേയമായ അനുഭവത്തെ ഇങ്ങനെയല്ലാതെ എങ്ങനെയാണു ഞാൻ പ്രകടിപ്പിക്കുക!

'ആത്മഗീത'ത്തിലെ കാവ്യം പ്രപഞ്ചസംഗീതം പോലെതന്നെ വിദൂരവും ഗഹനവുമാകുന്നു. ഏകാന്തത യുടെ മൗനത്തിലാണ്ടു് ആലോചിച്ചാൽ അതിന്റെ മുഴ ക്കം നമ്മെ അല്പാല്പം രസിപ്പിച്ചുകൊണ്ടുതന്നെയിരിക്കും. അതേസമയം അതിന്റെ അഗാധതയും വിപുലതയും നമ്മെ അമ്പരപ്പിച്ചുകൊണ്ടുമിരിക്കും. പല ഭാഗങ്ങളും മനസ്സിലാകാതെ അവശേഷിക്കുന്നതുകൊണ്ടു നൈരാശ്യ ത്തോടെ ഇതിനെപ്പറ്റി ദുരഭിപ്രായം ശ്രുപവൽക്കരിക്കു ന്നതു വളരെ സൂക്ഷിച്ചുവേണ്ടതിയിരിക്കുന്നു. ആദിത്യൻ ഉദയാദ്രിയിൽനിന്നു് അസ്തമയസമുദ്രത്തിലെത്തുന്ന സമ യംകൊണ്ടുപോലും ഇതിലെ ഒരു വാക്യത്തിൽനിന്നു് അ ടുത്തതിലേക്കു കടക്കാൻ സാധിച്ചില്ലെന്നു വരാം. എന്നാൽ ഒരു നീർപ്പോള പൊട്ടുന്ന സമയംകൊണ്ടു് ഇതു മുഴുവൻ

വായിച്ചുതീർന്നെന്നും വരാം. ഒരു മുഴുവൻ രാത്രികൊണ്ടു മാത്രമേ ഒരു പൂമൊട്ടു മെല്ലെമെല്ലെ അഴിഞ്ഞു വിരിയുന്നുള്ളു. അതിനു മുൻപു് സന്ധ്യയാകുമ്പോഴത്തന്നെ അതു വികസിച്ചു പൂവായിത്തീരണമെന്നു കേഴുന്ന കുട്ടി എന്തറിയുന്നു? 'ആത്മഗീത'ത്തിലെ വാക്യമോരോന്നും വായിക്കുന്നമാത്രയിൽത്തന്നെ വിരിഞ്ഞു് അതിന്റെ അന്തസ്സാരം വെളിപ്പെട്ടത്തണമെന്നു വിചാരിക്കുന്നതു ശരിയാണോ? എന്തോ, ആക്കറിയാം!

കണ്ടു പാറക്കെട്ടുകളിലെല്ലാം തട്ടിത്തെറിച്ചും, സഹ്യാദ്രിയിലിരിച്ചുകയറിച്ചു തന്റെ അന്തസ്സാരശ്രൂന്യതയെ ഉല്ലത്തിൽ പ്രഖ്യാപനം ചെയ്യും, കുണുങ്ങിച്ചാടിക്കുതിക്കുന്ന ഒരു കളകല്ലോലിനിയെ വായനക്കാർ ഈ 'ആത്മഗീത'ത്തിൽ കാണുകയില്ല. നേരേമറിച്ചു് ഇരുവശവും വിങ്ങിനിറഞ്ഞും, ആകാശം എത്രയും ആഴത്തിൽ പ്രതിഫലിപ്പിച്ചും, കലുക്കത്തിന്റെയോ കുസലിന്റെയോ ലേശലാഞ്ഛനസ്സുപോലും ഇടമില്ലാതെയും, ഗംഭീരമായ ഒരു തടാകംപോലെ പ്രശാന്തരമണീയമായി പരന്നുപരന്നുകിടക്കുന്ന ഒരു മഹാവാഹിനിയെപ്പോലെയാണു് ഈ കൃതി അലസഗമനം ചെയ്യുന്നതു്. നിങ്ങളും നിങ്ങളുടെ ചെറുതോണിയിൽ കയറി എത്രതവണ വേണമെങ്കിലും ഈ നദിയുടെ അക്കരെയിക്കര കടന്നുകൊള്ളുക. എന്നാലും അതിന്റെ ആകെക്കുടിയുള്ള ഒരു സ്വരൂപബോധം ഉണ്ടാകുന്നതല്ലാതെ, ആഴമെന്തെന്നറിയാൻ സാധിക്കുകയില്ല. അതിനുള്ളിലേക്കു നോക്കുമ്പോഴും നിങ്ങളും ഒരു പ്രതിബിംബം കാണും. പക്ഷേ, അതു നിങ്ങളുടേതു മാത്രമാണു്. തന്നിമിത്തം നിങ്ങളും നിരാശരായെന്നുവന്നാൽ അതു നദിയുടെ കുറ്റമാകയില്ല. നദിക്കു പ്രത്യേകമായ ഒരു സത്തയും സ്വഭാവവും ഉണ്ടെന്നുകൂടി ആ അവസരത്തിലും ഓർമ്മിക്കണമെന്നേയുള്ളു.

പകൽവേളയിലെ കണ്ണഞ്ചുന്ന ആദിത്യപ്രകാശത്തിൽ ലോകത്തിലെ സകല വസ്തുക്കളേയും കണ്ടു സന്തോഷിക്കാൻ സാധിക്കുമെന്നു കരുതി, പകലിനു് അന്ധകാരമയമായ രാത്രിയേക്കാളും കൂടുതൽ പ്രാധാന്യം കല്പിക്ക

ണമെന്നില്ല. പകൽ നാം കാണുന്നതു് ഈ ലോകത്തിന്റെ തുച്ഛമായ ഒരു കോണിനെ മാത്രമാണു്. എന്നാൽ രാത്രിയിലോ? വെളിച്ചം വിജ്ഞേയലോകത്തിന്റെ ഒരംശത്തെ കാട്ടിത്തരുമ്പോഴും, അന്ധകാരം അനന്തകോടിലോകങ്ങളെയാണു നമ്മുടെ കൺമുന്നിലേക്കെടുത്തെറിയുന്നതു്. മനസ്സിലാകാത്തതെന്നു പറഞ്ഞു നാം പുച്ഛിക്കുന്ന പല കവിതകളിലും, രാത്രിയിലെ അന്ധകാരത്തിൽ കാണുന്ന അസംഖ്യം ലോകങ്ങളെപ്പോലെ, അനേകം അനഘരത്നങ്ങളും കാണ്മാനുണ്ടാവും. മനസ്സിലാകായ്ക എന്ന അന്ധകാരം നമ്മുടെ കണ്ണുകളെ മറയ്ക്കുന്നതിനു പകരം, വാസ്തവത്തിൽ അവയെ കൂടുതൽ തെളിച്ചമുള്ളവയാക്കിത്തീർക്കുന്നതേയുള്ള.

'ആത്മഗീതം' വായിക്കുന്ന ഒരുവനു് ആദ്യമായി തോന്നുന്ന അഭിപ്രായം അതു ദുർജ്ഞേയമാണെന്നായിരിക്കും. മനസ്സിലാകാത്ത വാക്കുകളൊന്നും അതിൽ ഇല്ല. ഗ്രന്ഥം വിസ്തൃതവുമല്ല. പദ്യത്തിൽ വിപ്രതിപത്തി തോന്നുന്നവർക്കുപോലും രുചിക്കുന്നഗദ്യത്തിലാണു് അതു് എഴുതപ്പെട്ടിരിക്കുന്നതു്. ഇതൊക്കെയാണെങ്കിലും അതിൽ വലിയ ഒരംശം—ചിലപ്പോൾ എല്ലാംതന്നെ—മനസ്സിലാകാതെ ശേഷിക്കും. ചില വായനക്കാർ ''മണപ്പിച്ചു്, ചുംബിച്ചു്, നക്കി,ക്കടിച്ചിട്ടിണങ്ങാതെ'' തന്നെ പുസ്തകമെടുത്തു ദൂരെയെറിഞ്ഞെന്നും വരാം. എന്നിരുന്നാലും ഇതിന്റെ മഹനീയത അവിതർക്കിതമായിത്തന്നെ ശേഷിക്കുന്നതാണെന്നേ പറയേണ്ടൂ.

'ആത്മഗീത'ത്തിലെ ആശയഗതി അത്യന്തം ഉൽകൃഷ്ടവും, ദിവ്യവും, ഹൃദയമോഹനവും ആകുന്നു. ഇതെഴുതിയ കവിക്കു സ്ഥായിയായുള്ള ഒരു മനോഭാവത്തിന്റെ പ്രത്യക്ഷലക്ഷ്യമായിട്ടാണു് അതു കാണപ്പെടുന്നതു്. അലസതയ്ക്കു കപ്പമായി കൊടുക്കേണ്ടിവരുന്ന വെടിക്കെട്ടു പൊട്ടിക്കാൻ വല്ല സ്ഥലത്തും കൂട്ടരുമൊത്തിരിക്കുമ്പോഴായാദൃച്ഛികമായി പൊട്ടിപ്പോയ അമിട്ടും ചീനവെടിയും ഒന്നുമല്ല ഈ ഗ്രന്ഥത്തിൽ വായനക്കാർ കാണുന്നതു്. ചില ഊക്കൻ ആശയങ്ങളും, ചിന്തകളും അങ്ങിങ്ങു വിത

റിയിട്ട ബാക്കിയെല്ലാം വല്ലപാടും മിനുക്കിയെടുക്കാൻ കവി ശ്രമിച്ചിട്ടില്ല. ഒരു യുവാവാണ ഗ്രന്ഥകാരനെങ്കിലും, വെറും ഒരു യുവാവിന്റെ ഉച്ഛ്വംഖലവും അശിക്ഷിതവുമായ ചിന്തകളും ഈ ഗ്രന്ഥത്തിൽ കാണ്മാനില്ല. ഇതിലെ ഓരോ ഗീതത്തിനും, ഓരോ ഖണ്ഡികയ്ക്കും, ഓരോ വാക്കിനും, ഒരു സുനിശ്ചിതത്വമുണ്ട്. എന്നാൽ വായനക്കാരിൽ ഉദിക്കുന്ന നവംനവങ്ങളായ ആശയാങ്കുരങ്ങളെ അത്ര തടയുന്നുമില്ല. ഒരു പ്രകടമായ സുനിശ്ചിതത്വമുണ്ടെന്നിരുന്നാലും, ചിലർ തെറ്റിദ്ധരിച്ചു കുറെ പറയാൻ മടിക്കയില്ലായിരിക്കാം. ക്ഷേത്രഗണിതത്തിലെ ഒരു ക്ഷേത്രം വരയ്ക്കുന്ന മൂത്ത സഹോദരന്റെ അടുക്കൽച്ചെന്നു്, ''കൊച്ചേട്ടാ, എഴുനായും പുലിയും കളിക്കാൻ കണ്ണും വരയ്ക്കുന്നതു് ഇങ്ങനെയല്ല'' എന്നു പറയുന്ന അനുജന്റെ നേരെ ആ മൂത്ത സഹോദരനു തോന്നുന്ന മനോഭാവം എന്തായിരിക്കുമെന്നേ അവർ ഓർത്തുനോക്കേണ്ടതുള്ളൂ.

'ആത്മഗീത'കർത്താവായ യുവകവിയുടെ പ്രപഞ്ചം തന്നെ ഒന്നു പ്രത്യേകമാണു്. പ്രകൃതിയുടെ രാമണീയകവും, അതിന്റെ ആചാര്യത്വവും, ബീഭത്സതയും കവി ദർശിക്കുന്നുണ്ടു്. ഉദ്യാനസൗന്ദര്യവും, പുഞ്ചിരിപ്പൂനിലാവും, പുലരിയുടെ കടാക്ഷവീക്ഷണവും, കവിയുടെ ഹൃദയത്തെ ആനന്ദാന്ദോളനംചെയ്യിക്കുമ്പോഴും പ്രകൃതിയുടെ രാമണീയകത്തെയാണു് അദ്ദേഹം ഏറ്റവും സ്നേഹിക്കുകയും ആസ്വദിക്കുകയും ചെയ്യുന്നതെന്നു വ്യക്തമാകുന്നു. ലൂതാതന്തുക്കൾ വജ്രശലാകകളായും, പച്ചിലകൾ തൂവെള്ളിത്തളികകളായും, മുറ്റത്തെ മണൽത്തരികൾ തേജോഗോളങ്ങളായും, പുൽക്കൊടിത്തുമ്പത്തെ മഞ്ഞുനീർത്തുള്ളികൾ മഹത്തായ നക്ഷത്രങ്ങളായും മാറുന്നതു ബാലാരുണകാന്തിയുടെ മികച്ച പൊലിമയാലല്ല, പ്രത്യുത, കവിഹൃദയത്തിന്റെ മാന്ത്രികവിദ്യയാലാകുന്നു. കവിയുടെ തൂലികയാകുന്ന മാന്ത്രികദണ്ഡം നമ്മുടെ കൺമുന്നിൽ ചുഴറ്റിക്കഴിയുമ്പോഴേക്കു് അദ്ഭുതപൂർവ്വവും മഹനീയവുമായ ഒരു നൂതനപ്രപഞ്ചം പ്രത്യക്ഷപ്പെട്ടുകഴിയുന്നു. നാം ഒന്നന്ധാളിക്കുന്നു! കോരിത്തരിച്ചു നമ്മുടെ ഹൃദയം ഒന്നു്

അമർന്നിട്ട് പിന്നത്തെ പരമാനന്ദത്തള്ളലിൽ അങ്ങനെ വിങ്ങിവിങ്ങിത്തുടിക്കുന്നു!

ഹൃദയദ്രവീകരണസമർത്ഥമായ ഈ ആനന്ദരംഗത്തിനു് ഒരു ഭംഗം നേരിടുന്നു. ലോകത്തിന്റെ കോമളിമയ്ക്കു് എപ്പോഴും അതിന്റെ മറുവശം മാനദണ്ഡമായിരിക്കുന്നു. അജ്ഞതയുടെ അഗാധതയിൽനിന്നു് ഒരു നെടുവീർപ്പുപോലെ ഉയരുന്ന ചിറകുവച്ച ജ്ഞാനതൃഷ്ണയെ ചുട്ട ചാമ്പലാക്കി കാറ്റിൽ പറത്താൻ മൂഢനായ മനുഷ്യൻ നിഷ്ഫലമായി ശ്രമിക്കുന്നു. ഹാ! മനുഷ്യന്റെ ദ്രോഹബുദ്ധി! പ്രകൃതിയുടെ സംഹാരഘോരതയേയും അതിശയിക്കുന്ന കരാളതയത്രേ മനുഷ്യനിൽ കുടികൊള്ളുന്നതു്. അവന്റെ കറുത്ത ഹൃദയത്തിന്റെ പ്രതിബിംബങ്ങളാണു് പ്രകൃതിയിൽ കാണുന്ന ബീഭത്സസൃഷ്ടികളെല്ലാം. ഈ അവസ്ഥയിൽ ലോകത്തിന്റെ ആനന്ദോദയകർത്തൃത്വത്തിനു് അതിരു കല്പിക്കാതെ നിവൃത്തിയില്ല. ഒരു ചിന്തകനായ കവി എക്കാലവും അനിഷേദ്ധ്യമായ ഈ പരമവാസ്തവം തലകുലുക്കി സമ്മതിക്കാതെ ഗതിയെന്തു്?

ഇങ്ങനെ കവി ലോകത്തിന്റെ അഭികാമ്യവും അതിനു വിരുദ്ധമായി അനാകർഷകവുമായ ദ്വന്ദ്വഭാവങ്ങളും ഒന്നുപോലെ കണ്ടറിഞ്ഞു്, പ്രകൃതിയുടെ ആചാര്യത്വത്തിൽ മനസ്സുറച്ചു തത്വചിന്താപരമായ ചില ഉൽകൃഷ്ടപാഠങ്ങളും പഠിക്കുന്നു. വൃക്ഷദളങ്ങളുടെ മർമ്മരരവത്തിലും അരുവികളുടെ കളകളരവത്തിലും എന്നുവേണ്ട, എവിടെയും തത്വഗർഭങ്ങളായ പാഠങ്ങളും കാണ്മാനും കേൾപ്പാനും ഉണ്ടെന്നു ഷേക്സ്പിയർ, വേഡ്സ്വർത്തു് മുതലായ മഹാകവികളും ഘോഷിക്കുന്നതിന്റെ അർത്ഥം നമുക്കു സുവിശദമായിത്തീരുകയും ചെയ്യുന്നു. ലോകജീവിതം മഞ്ഞുളദളങ്ങളിൽ മഞ്ഞുതുള്ളികളുമായി വിടിന്നവിലസുന്ന ഒരു പനിനീർപ്പൂവാണു്. അഴകും പരിമളവും നിറഞ്ഞു തുളുമ്പുന്ന ഒരു ആരോമൽപ്പുഞ്ചിരിപോലെ അതു ''കണ്ണും കരളും കവരുന്നു.'' അതു സ്വന്തമായിത്തീർന്നതിനാൽ അല്പനേരത്തേക്കു് നാം ആഹ്ലാദതരംഗിതരായി കഴിഞ്ഞുകൂടുന്നു. എന്നാൽ കുറെ കഴിയുമ്പോഴേക്കു് ആപത്തിന്റെ

സൂചനകം കണ്ടുതുടങ്ങുന്നു. ആ ഓമനപ്പൂവിലെ സുന്ദര ദളങ്ങളം ഒന്നൊന്നായി ഉതിർന്നു കൊഴിയുന്നു. ഒരു ആവേശത്തോടെ വീണ്ടും അതിനെ നാം അണഞ്ഞുപിടിക്കുമ്പോഴേക്കും അതു നമ്മുടെ ജീവനെത്തന്നെ കീറാൻ തുടങ്ങുന്നു. ലൗകികസുഖം ജീവനെത്തന്നെയും കീറുന്ന ദുഃഖത്തിലത്രേ എപ്പോഴും ചെന്നവസാനിക്കുന്നതും.

ഈ വാസ്തവം കണ്ട ദുഃഖിതനായിത്തീർന്ന കവി 'കൊഴിയാത്ത പൂവുണ്ടോ?' എന്നും ആരാമംതോറും അലഞ്ഞന്വേഷിക്കുകയാണു പിന്നീടു ചെയ്യുന്നതും. ഒരിടത്തും അതു കണ്ടെത്തുന്നില്ല. തന്റെ ചെറിയ കൊതുമ്പുതോണിയിൽ കയറി നിരാശനായ കവി വീണ്ടും യാത്രതിരിക്കുന്നു. പുലരിയുടെ അധരപല്ലവങ്ങളിൽ വിടിൻ്റെ വിലസിയ പുഞ്ചിരി വാടിക്കൊഴിയുന്നു. അന്തിയുടെ ചെന്താമരപ്പൊയ്കയിൽ വിരിഞ്ഞുപൊന്തിയ ശാന്തതയും കൊഴിഞ്ഞുവീഴുന്നു. അപാരതയുടെ നീലപ്പൂംകുലയിൽ പകുതി വിടിൻ്റെ കിഴക്കാംതുക്കായി കിടക്കുന്ന ആകാശപുഷ്പവും കൊഴിയുമെന്നു കാണുന്നു. രാപ്പകലുകളാകുന്ന ഇതളുകളം ഒന്നൊന്നായി വിടിൻ്റെവിരിഞ്ഞുകൊണ്ടിരുന്ന കാലമാകുന്ന പുഷ്പവും കൊഴിയുകതന്നെ ചെയ്യുന്നു. 'കൊഴിയാത്ത പൂവുണ്ടോ, കൊഴിയാത്ത പൂ?' എന്നിങ്ങനെ ആ ഹൃദയം കരുണമായി രോദിക്കുന്നു. ഒരു മാറ്റൊലിപോലും അതിനുത്തരമരുളുന്നില്ല. ഇങ്ങനെ അലഞ്ഞലഞ്ഞു് ഒടുവിൽ ആ ചെറുതോണി കടവിലെത്തി കൊഴിയാത്ത പൂ കണ്ടെത്തുന്നു! പക്ഷേ, അതിനു മണമില്ല, ഗുണമില്ല, അഴകില്ല! 'എന്നാലും എനിക്കതു മതി' എന്നിങ്ങനെ കവി പരമമായ സമാശ്വാസംകൊള്ളുന്നു. ഒരു ദീർഘനിശ്വാസം നാമറിയാതെ നമ്മിൽനിന്നു ബഹിർഗ്ഗമിച്ചു് ആ സമാശ്വാസത്തെ ലോകത്തിലേക്കു പകർത്തുകയും ചെയ്യുന്നു. കൊഴിയുന്ന പൂവിനു് അഴകും മണവും ഗുണവും എല്ലാമുണ്ടു്. എങ്കിലും അതിൻ്റെ അനന്തരാനുഭവം ശോകാത്മകമാകുന്നു. ജീവിതപുഷ്പത്തിൻ്റെ അഴകും, മണവും ഗുണവും ശാശ്വതമല്ലെന്നു മാത്രമല്ല, സുഖമാകുന്ന ദളങ്ങളം കൊഴിയുമ്പോളം ശേഷിക്കുന്നു ദുഃഖകണ്ടകങ്ങളം ജീവനെ കീറുകയും

ചെയ്യുന്നു. ലോകജീവിതത്തിലെ ആഢ്യാദമേയമായ അനുഭവങ്ങളിൽനിന്നാണു് ആനന്ദാഭിനിവേശം ഉണ്ടാകുന്നതെങ്കിലും, അതിന്റെ നശ്വരതയും പിന്നത്തെ ദുഃഖവും, ശാശ്വതശാന്തിയാകുന്ന കൊഴിയാത്ത പൂവിൽ തൃപ്തിതേടാൻ മനുഷ്യനെ തയ്യാറാക്കുന്നു. ആ പരമശാന്തി കണ്ടകാകീർണ്ണമല്ലാത്തതിനാൽ, ആനന്ദദളങ്ങളില്ലെന്നിരുന്നാൽത്തന്നെയും, 'അതു മതി!' എന്നു സ്വാഭാവികമായി തോന്നിപ്പോകുന്നതിന്റെ തന്മയത്വം അനുഭവൈകവേദ്യവുമത്രേ!

ഈ കാവ്യത്തിൽ 'കൊഴിയാത്ത പൂവി'നെ അന്വേഷിക്കുന്ന ഗീതം വാസ്തവത്തിൽ സർവ്വോപരി നന്നായെന്നു് എനിക്കു പക്ഷമുണ്ടായിട്ടല്ല ഞാൻ അതിന്റെ ഒരു ദിങ്മാത്രദർശനത്തിനു് പ്രേരിതനായിത്തീർന്നതു്. പ്രകൃതിയുടെ സകല ഭാവങ്ങളേയും വിശിഷ്യ, അതിന്റെ രാമണീയകത്തെയും, ആസ്വദിക്കാൻ കവി ധാരാളം തൃഷ്ണ കാണിക്കുന്നതോടുകൂടിത്തന്നെ അദ്ദേഹത്തിന്റെ പ്രത്യേകമായ കാവ്യലോകം അതിനൊക്കെ ഉപരിയാണെന്നു വെളിപ്പെടുത്തുന്ന ഒരു ഗീതമാണു് അതു്. ചിന്താപരവും ക്ഷേതിപരവും ആയ മിസ്റ്റിസിസത്തിൽ കവിയുടേതു് ചിന്താപരമാണെന്നു നിസ്സന്ദേഹമായി തെളിയിക്കാൻ ഈ ഗീതം വളരെ ഉപകരിക്കുന്നുണ്ടു്. അതുകൊണ്ടായിരിക്കാം ചിന്താപ്രധാനമായ സാഹിത്യങ്ങളിൽ സഹജമായി കാണുന്ന ഒരു ഗുണമോ ദോഷമോ ഈ കവിതയേയും ബാധിച്ചിരിക്കുന്നതെന്നു സംശയിക്കുന്നു. നാരദാദികളായ ക്ഷേത്രന്മാർക്കു്, എത്ര ജന്മം ജനിച്ചാലും തരക്കേടില്ല, ഭഗവാനോടുള്ള ക്ഷേതിക്കു് അണുമാത്രമായ കുറവുപോലും ഉണ്ടാകരുതേ, എന്നേ പ്രാർത്ഥനയുള്ള. ചെളിക്കുണ്ടിൽ കിടന്നാലും ആദിത്യന്റെ ആഭിമുഖ്യത്തിനു ഭംഗം വന്നുകൂടെന്നുമാത്രം ആഗ്രഹിക്കുന്ന പത്മങ്ങളാണു് അവർ. മഹാകവി രവീന്ദ്രനാഥടാഗോറിന്റെ മിസ്റ്റിസിസത്തിൽ ഇതുപോലെ ലോകത്തെ സ്നേഹിക്കുന്നതോടുകൂടി ഭഗവാനോടുള്ള ക്ഷേതിപ്രകർഷം പ്രകടമായിത്തീരുന്നു. മറെറാരു തരത്തിൽ പറയുകയാണെങ്കിൽ, ഭഗവൽക്ഷേതിക്കുവേണ്ടി ലോകത്തെ ഉപേക്ഷിക്കണമെന്നോ, വെറുക്കണമെന്നോ

അദ്ദേഹത്തിനു പക്ഷമില്ല. അദ്ദേഹത്തിന്റെ 'ഗീതാഞ്ജലി', 'ചന്ദ്രക്കല' മുതലായ കൃതികളിലെ പല ഭാഗങ്ങളിലും ലോകജീവിതത്തിന്റെ സൂക്ഷ്മാതിരേകത്തെ അനേകധാ വർണ്ണിക്കുന്ന ഗീതങ്ങളാണു് കാണുന്നതു്. ഈ ലോകത്തെ ഒരു വലിയ ഉത്സവസ്ഥലമായും തന്നെ അതിൽ ഒരു ഗായകനായും ഭാവനചെയ്ത കവി തീച്ചയായും ലോകത്തെ സ്നേഹിക്കാത്ത ആളല്ല. നേരേമറിച്ചു് 'ആത്മഗീത'ത്തിൽ ഈ കവി മരണത്തെ ഒരു വികസ്വരമായ പുഷ്പമായും, തന്നെ അതിൽ ഒരു പൂമ്പാറ്റയായും സങ്കല്പിക്കുകയാണുചെയ്യുന്നതു്. ലോകവും മരണവും ഒന്നുപോലെ കാമ്യമാണെന്നു വിചാരിക്കുന്നേടാഗോറിനോടു്, ലോകം സുന്ദരമെങ്കിലും മരണമാണു കാമ്യമെന്നു കരുതുന്ന ഈ കവി നാം ഒറ്റനോട്ടത്തിൽ കാണുന്നതിലുമധികം വിപര്യയം വഹിക്കുന്നു. ഇതിലേതാണു് കൂടുതൽ നന്നെന്നുള്ള ചോദ്യത്തിനു് ഉത്തരം പറയാൻ ഞാൻ ശ്രമിക്കുന്നില്ല. എങ്കിലും ലോകം നമ്മുടേതല്ല എന്നറിയണമെന്നു് 'ആത്മഗീത'ത്തിൽനിന്നു് എനിക്കു മനസ്സിലാകാതിരിക്കുന്നുമില്ല. അതിലെ മിസ്റ്റിസിസം ഭക്തിപ്രധാനമല്ല, പ്രത്യുത, ചിന്താപ്രധാനമാകുന്നു.

ടാഗോർമഹാകവി ലോകജീവിതത്തിൽനിന്നു് ഇന്ദ്രിയങ്ങൾക്കുണ്ടാകുന്ന ആനന്ദം മുഴുവൻ അനുഭവിക്കാൻ നമ്മെ പ്രേരിപ്പിക്കുന്നു. പക്ഷേ, ആത്മഗീതകർത്താവു്, ലോകത്തിന്റെ സൗന്ദര്യം നശ്വരമാണെന്നു് സ്വാനുഭവത്തിൽനിന്നു തെളിയിക്കുകയും, അതിനേക്കാൾ കാമ്യമാണു് ശാന്തിയെന്നു കാണിച്ചുതരികയും ചെയ്യുന്നു. ഇതു് വിഷാദാത്മകതത്ത്വത്തിന്റെ ലക്ഷണമായി വ്യാഖ്യാനിക്കപ്പെട്ടേക്കാം. പക്ഷേ, ഈ 'ആത്മഗീത'ത്തിൽ ഒരിടത്തുപോലും അതിന്റെ ലാഞ്ഛനയില്ലെന്നു് പ്രത്യേകം പറയേണ്ടിയിരിക്കുന്നു. പ്രപഞ്ചസൗന്ദര്യം ആസ്വദിക്കുന്നതിൽ കവി ഒട്ടും പിന്നാക്കമല്ല. പരമലാവണ്യം 'വഴിഞ്ഞൊഴുകുന്ന കോമളകളേബര'ത്തോടുകൂടിയ ഒരു 'ഓമനമലരി'ൽ 'നിന്നുതിരുന്ന പാവനപരിമള'ത്തിൽ കവിയുടെ 'ആത്മാവു്' പൊൻചിറകുകൾ വിരിച്ചു്' 'ഒരു

സന്തുഷ്ടഗത്തെപ്പോലെ ആഹ്ലാദത്തിന്റെ ചക്രവാളത്തെ പിളർന്ന് നിർവൃതിയിൽ ലയിക്കു'ന്നതു' കാണുമ്പോഴും അദ്വൈതത്തിന്റെ സൗന്ദര്യബോധം നമ്മുടെ കണ്മുന്നിൽ ഉദിച്ചുയരുന്നു. ലോകത്തിന്റെ ആസ്വാദ്യതയെപ്പറ്റിയുള്ള നൈരാശ്യം ഈ കൃതിയിൽ കാണുന്നില്ല. ഹൃദയാഭിരാമമായ പ്രപഞ്ചത്തെ ഇപ്രകാരം ഉള്ളഴിഞ്ഞു' ആസ്വദിക്കുന്ന ഒരു കവിക്കുമാത്രമേ മറ്റൊരു ജീവിതത്തെപ്പറ്റി അടിനിവേശമുണ്ടാകാൻ യോഗ്യതയുള്ളൂ. എന്തെന്നാൽ, താൻ ജീവിതത്തെ സ്നേഹിക്കുന്നതുകൊണ്ടാണു' മരണത്തെയും സ്നേഹിക്കുന്നതെന്നല്ലേ ടാഗോർമഹാകവി പറയുന്നതു'?

'ആത്മഗീത'ത്തിന്റെ രംഗം പ്രപഞ്ചത്തോളംതന്നെ വിസ'ൃതവും, അതിനെക്കാളും ഉൽക്കൃഷ്ടവും ആകുന്നു. ഒരു ചെറുതോണിയിൽ കയറി പ്രകൃതിയേയും, ലോകജീവിതത്തേയും, കവി ചുറ്റിത്തിരിയുന്നു. അഹങ്കാരത്തിന്റെ തിരത്തള്ളലിനാൽ ആത്മപ്രശംസചെയ്യുന്ന കടലിനേയും ആരാമവിസ'ൃതിയേയും താരകലോകത്തേയും പിന്നിട്ടു' അനവസാനമായി പ്രയാണംചെയ്യുന്ന കവി നമ്മുടെ ഭാവനയുടെയും ചിന്താശക്തിയുടെയും ദൃഷ്ടികളിൽനിന്നുപോലും പലപ്പോഴും മറയുന്നു. ബാഹ്യവും ആന്തരികവുമായ ജീവിതത്തിന്റെ ഭിന്നഭിന്നഭാവങ്ങളേയും പ്രകൃതിയുടെ വിവിധ വശങ്ങളേയും കവി കാണുന്നു. പക്ഷേ, ഇവയ്ക്കൊന്നിനും സ്വന്തമായ ഒരു നിലയുമില്ല. മഹത്തായ ഒരു ചിന്താലോകത്തിലെ ഉത്തുംഗമായ കാവ്യാശയങ്ങളുടെ ഒരു അത്ഭുതമഹോത്സവമായ ഈ ആത്മഗീതത്തിൽ ആണ്ടുപോയ ഒരുവൻ അവനെത്തന്നെ കാണാതായിത്തീരുന്നു. ഓരോ ഗീതവും ഓരോ വാക്യവും വായിക്കുമ്പോഴും അനുവാചകന്റെ ആനന്ദാവബോധം വിജൃംഭണംചെയ്യുകയും, ഭാവനാലോകത്തിനും ഉപരിയായ ഒരു നവീനലോകത്തിൽ അയാളെ പ്രക്ഷിപ്തനായിത്തീരുകയും ചെയ്യുന്നു. അനന്തമായ ചിന്താസാമ്രാജ്യത്തിലെ സ്വാതന്ത്ര്യാന്തരിക്ഷത്തിന്റെ അഖണ്ഡവ്യാപ്തിയിൽ

അയാളുടെ അന്തരാത്മാവു് കിളന്നയന്ന പറക്കുന്നു. ഇത്തരം ഒരവസ്ഥാവിശേഷത്തിൽ ടാഗോറിന്റെ 'ഗീതാഞ്ജലി'യോ ഈ 'ആത്മഗീത'മോ, ഏതാണു മെച്ചമെന്നു് അയാളുടെ ഹൃദയം അതിനോടുതന്നെ ചോദിച്ചുപോകുന്നെങ്കിൽ, അതു കേവലം സ്വാഭാവികം മാത്രമാകുന്നു. ലബ്ധപ്രതിഷ്ഠനായ ഒരു വിശ്വമഹാകവിയുമായി 'ആത്മഗീത'കർത്താവിനെ താരതമ്യപ്പെടുത്തുന്നതു് അസമീക്ഷ്യകാരികളുടെ ബോധമില്ലായ്മയാലാണെന്നു തോന്നിയേക്കാവുന്നതിനാൽ ആ സംരംഭത്തിൽനിന്നു് എന്റെ മനസ്സു് പിൻവാങ്ങിക്കൊള്ളട്ടെ.

എങ്കിലും 'ഗീതാഞ്ജലി'യിലെ ചില അസ്വാരസ്യങ്ങളും ഈ കൃതിയിൽ ഒരിക്കലും കണ്ടുകിട്ടാൻ സാധിക്കയില്ലെന്നുള്ളതു കേവലം നിർവ്വാദമാകുന്നു. ഉദാഹരണമായി താഴെക്കാണുന്ന ഗീതം നോക്കുക:

"Leave this chanting and singing and telling of beads. Whom does thou worship in this lonely dark corner of a temple with doors all shut? Open thine eyes and see thy God is not before thee!

"He is three where the tiller is tilling the hard ground and where the path-maker is breaking stones. He is with them in sun and in shower, and his garment is coverd with dust. Put of thy holy mantle and even like him come down on the dusty soil!

"Deliverance? Where is this deliverance to be found? Our master himself has joyfully taken upon him the bonds of creation; he is bound with us all for ever.

"Come out of thy meditations and leave aside thy flowers and incense! What harm is there if thy clothes become tattered and stained? Meet him and stand by him in toil and in sweat of thy brow."

(Tagore)

നാമം ജപിക്കലും പാടി സ്തുതിക്കലും
നീ മന്ത്രംചൊല്ലലും നിത്തിയാലും;
പാരിയ വാതിലൊഞ്ഞമ്പലമൂലയിൽ
ക്കൂരിരുട്ടത്താരും കൂട്ടില്ലാതെ

ആരെ നീ പൂജിപ്പ,തക്ഷി തുറക്ക നിൻ
നേരേ നിന്നീശ്വരൻ നില്ക്കുന്നില്ല;
പാരമുറച്ചുള്ള കണ്ടമുഴം കൃഷി—
ക്കാരനൊന്നില്ലാക്കൃഷിസ്ഥലത്തും,
പാറ പൊളിച്ചുടച്ചീടം വഴിപ്പണി—
ക്കാരനോടൊത്തമവൻ വസിപ്പൂ;
വൈലത്തും വാസ്തും മഴയിലുമങ്ങേത്ത—
കാലത്തുമായവരോട് കൂടേ
ചേല ചെമ്പഴിയിൽ മുങ്ങിയവനവർ
വേലയെടുക്കുന്ന ദിക്കിലുണ്ടാം.
വൃത്തിയിലേറ്റം വിശുദ്ധമായുള്ള നിൻ
വസ്ത്രം മടിക്കാതെ മാറ്റിവെച്ച്
എത്തുക പൂഴി പരന്നോരു മണ്ണിൽ നീ—
യെത്രയും വേഗാലവനെപ്പോലെ.
മോക്ഷമോ ഹന്ത! നീ മോഹിപ്പു സംസാര—
മോക്ഷമെന്നുള്ളതി,ങ്ങെങ്ങു കാണും.
സമ്മോദമോക്കൊണ്ടു നമ്മുടെ നാഥനും
സംസാരബന്ധത്തെ സ്വീകരിച്ചു;
സന്തതം നാമൊത്തു സംസാരബദ്ധനായ്
സഞ്ചരിക്കുന്നിതാത്തമ്പുരാനും
ധ്യാനങ്ങളം വിട്ടു പുറത്തേക്കു പോന്നാലും
സൂനവും ധൂപവും നീക്കിവെയ്ക്കൂ!
ചേർ പറവീ കീറിയുടപ്പെങ്കിലെന്തിങ്ങു
ചേതം നിനക്കു ഭവിച്ചിടുന്നു.
പെന്നവൻതന്നോടു ചേന്നു നീ വേലകളം
ചെയ്യുക നെറ്റി വിയർക്കുംവണ്ണം.

(പരി: കുണ്ടൂർ നാരായണമേനോൻ)

ഇതു വായിക്കുമ്പോഴും ആ വിശ്വമഹാകവി സാഗ്രഹത്തോടെ നിന്നും ഭൂമിയിലേക്കൊന്നു് ഉരുണ്ടുവീണുപോയെന്നു തോന്നിപ്പോകും. ലോകോത്തരമായ ഒരു കാവ്യത്തിൽ സമുദായപരിഷ്കർത്താക്കളുടെയോ മതപരിഷ്കർത്താക്കളുടെയോ പ്രസംഗത്തിനു് എന്തൊരു സ്ഥാനമാണുള്ളതെന്നു

റിയുന്നില്ല. അതുപോലെ വേറെയും ചില ഗീതങ്ങളും 'ഗീതാഞ്ജലി'യിൽ ഉണ്ടെങ്കിലും, 'ആത്മഗീതം' അത്തരം വികലതകളിൽനിന്നു സ്വതന്ത്രമായിത്തന്നെയിരിക്കുന്നു എന്നു സധൈര്യം പറയാൻകഴിയും. അതിന്റെ അത്യന്തമായ നില ആദ്യന്തം ഒന്നുപോലെ പരിപാലിക്കപ്പെട്ടുന്നതു കാണുമ്പോഴും കവിയുടെ ഔചിത്യബോധത്തെപ്പറ്റി അത്ഭുതാദരങ്ങളും തോന്നാതെ ഗത്യന്തരമില്ല. 'ഗീതാഞ്ജലി'യേയും, 'ആത്മഗീത'ത്തേയും തമ്മിൽ ഇത്രയെങ്കിലും താരതമ്യപ്പെടുത്തിയതു് ഒരു കുറ്റമാണെന്നു വിചാരിക്കുന്നവരോടു് എനിക്കു പറയാനുള്ളതു് 'ആത്മഗീത'കർത്താവിനെപ്പോലെ യുവാവായിട്ടതന്നെയാണു് ടാഗോർ വലിയ ആളായതെന്നു മാത്രമാകുന്നു.

അദ്ദേഹത്തിന്റെ സുന്ദരമായ ഇതിന്റെ പ്രതിപാദനരീതിയെക്കുറിച്ചു രണ്ടുവാക്കു പറഞ്ഞിട്ടു് ഈ സാമാന്യം ദീർഘമായ അവതാരിക അവസാനിപ്പിക്കാമെന്നു വിചാരിക്കുന്നു. 'ആത്മഗീത'ത്തിലെ ഓരോ ഗീതവും പരസ്പരബന്ധമില്ലാതെ പ്രത്യേകം നില്ക്കുന്നു. കവിഹൃദയത്തിന്റെ ഓരോ പ്രത്യേകഭാവത്തെയാണു് ഓരോ ഗീതവും പ്രകാശിപ്പിക്കുന്നതു്. ആദ്യഗീതത്തിൽ, വെളിച്ചം എത്രതന്നെ ശോഭനമായാലും, അതിനു് ഇരുട്ടിന്റെ പിൻതുണകൂടാതെ വർത്തിക്കാൻ സാധിക്കയില്ലെന്നു സൂചിപ്പിക്കുന്നു. പ്രകാശത്തിന്റെ പേമാരിയിൽപ്പോലും നാം സ്വന്തം നിഴലാകുന്ന തമസ്സിൽ കാലൂന്നിനില്ക്കുന്നു എന്നുള്ളതു തത്വവേദികയ്ക്കു പ്രായേണ തരമായ ഒരു പാഠമായിരിക്കും. അജ്ഞതയുടെ ആഴത്തിൽനിന്നുയരുന്ന ജ്ഞാനതൃഷ്ണയെ നശിപ്പിക്കാൻ എത്രതന്നെ ശ്രമിച്ചാലും അതു് ഒടുവിൽ അത്യുൽകൃഷ്ടമായ ഒരു നിലയിലെത്തി നക്ഷത്രങ്ങളെപ്പോലെ നിത്യമായി പ്രകാശിക്കുമെന്നായിരിക്കാം അടുത്ത ഗീതത്തിൽനിന്നു പഠിക്കേണ്ടതു്. അനുകമ്പാഹീനായ മനുഷ്യൻ യാതൊന്നും അറിയുന്നില്ല. മഞ്ഞുനീർത്തുള്ളികളണിഞ്ഞ പുൽക്കൊടികളും അവന്റെ അജ്ഞതയുടെ ചോദ്യരൂപങ്ങളെന്നപോലെ ലോകമാസകലം വ്യാപിച്ചിരിക്കുന്നുവെന്നായിരിക്കുമോ മൂന്നാമത്തെ ഗീതത്തിന്റെ സാരം?

രാജരാജേശ്വരം
കടുവിനാൽ, പി. ഒ.
വള്ളികുന്നം - 690 502
ആലപ്പുഴ ജില്ല

നാലാമത്തെ ഗീതം കവിയുടെ ഒരു ആത്മപ്രശ്നമായിട്ടുമാത്രമേ ഞാൻ മനസ്സിലാക്കുന്നുള്ളൂ. സൗന്ദര്യത്തിനുവേണ്ടി യാതൊന്നും സൃഷ്ടിച്ചിട്ടില്ലാത്ത പ്രകൃതിയെ നോക്കി, സൗന്ദര്യത്തെപ്പറ്റി ചോദ്യംചെയ്യുന്ന കവി അവസാനത്തിൽ വാസ്തവം മനസ്സിലാക്കുകയും, ആ ചോദ്യം അനാവശ്യമാണെന്നറിയുകയുമായിരിക്കാം അടുത്ത ഗീതത്തിൽ ചെയ്യുന്നതു്. ആറാമത്തെ ഗീതത്തെപ്പറ്റി മുകളിൽ പറഞ്ഞുപോയതിനാൽ ഇവിടെ അതിനെപ്പറ്റിയുള്ള സംശയങ്ങളൊന്നും പ്രകടിപ്പിക്കണമെന്നു വിചാരിക്കുന്നില്ല. ഒടുവിലത്തെ ഗീതത്തിൽ കവിയുടെ 'ഞാൻ' പൊട്ടിച്ചിതറി സാഫല്യമടയുന്നതോടെ ഈ 'ആത്മഗീത'ധ്വനി സർവ്വവ്യാപകമായ ഒരു ശാന്തിയിൽ വിലയംകൊള്ളുന്നതുപോലെ തോന്നുന്നു. ഈ ഗീതങ്ങളെല്ലാം പ്രത്യേകമാണെങ്കിലും അവയിലെല്ലാംകൂടി ഒരു മാല്യസൂത്രംപോലെ പായുന്ന ലോലതന്തു 'ഞാൻ' മാത്രമാണെന്നേ ഇവിടെ കൂട്ടത്തലായി പറയേണ്ടതുള്ളൂ. മിഴിമയക്കുന്ന മഴവില്ലിന്റെ അഴകും, മനമലിക്കുന്ന പനിനീർപ്പൂവിന്റെ പരിമളവും, പൂന്തേനോലുന്ന പുഞ്ചിരിയുടെ ആരോമലൊച്ചയും, ഇവപോലെതന്നെ പ്രൗഢവും സുന്ദരവും ഗംഭീരവുമായ എല്ലാവസ്തുക്കളുടേയും പ്രൗഢതയും സൗന്ദര്യവും ഗാംഭീര്യവും കവിയുടെ ആത്മസംഗീതത്തിൽ കോർത്തു് ഒരു പൊന്നോമനമാല ചമച്ചതാണു് ഈ 'ആത്മഗീതം'.

പ്രതിപാദ്യവിഷയം അതിഗഹനമാണെങ്കിൽ, അതിന്റെ പ്രകാശനരീതി അത്യന്തം മധുരദർശനമായിരിക്കുന്നു. മലയാളത്തിൽ ഗദ്യകവിതാരീതി ഇത്ര ഭംഗിയായി പ്രയോഗിച്ചിട്ടുള്ള മറ്റൊരു കവിയുണ്ടോ എന്നു സംശയിക്കുന്നു. ഗദ്യകവിതപോലെ വൃത്തബന്ധവും, നിസ്സ്രസുന്ദരവും, ഹൃദയാഭിരാമവും ആയ ഒരു കവിതാരീതി വേറെയില്ലെന്നു് 'ആത്മഗീതം' വായിച്ചാൽ തോന്നിപ്പോകും. ''ഇരുൾപുഴയിലെ ചെറുതരംഗങ്ങളെ എന്റെ ചോദ്യത്തെ ഗൗനിച്ചില്ല'' എന്ന വാക്യത്തിന്റെ ഗദ്യകവിതാവൃത്തം തെറ്റിക്കാൻ 'ചോദ്യത്തെ' എന്നതിനു പകരം 'ചോദ്യം' എന്നു മാത്രം മാറ്റിയാൽ മതിയാകും. ഇതിനു

മുമ്പ ഞാൻ ഉദ്ധരിക്കാൻ ഭാവിച്ച ഒരു വാക്യത്തിന്റെ പൂണ്ണരൂപമാണു് വായനക്കാർ താഴെക്കാണുന്നതു്:

''മിഴിമയക്കുന്ന മഴവില്ലിന്റെ അഴകും, മനമലിക്കുന്ന പനിനീർപ്പൂവിന്റെ പരിമളവും, പൂന്തേനോലുന്ന പുഞ്ചിരിയുടെ ആരോമലൊച്ചയും എന്റെ ആത്മാവിന്റെ സംഗീതത്തിൽ കോത്തൊരു പൊന്നോമനമാലചമച്ചാൽ, അതണിയിക്കുവാൻ, ആ കൊച്ചുപൂനിലാവിനെ, ഇനി കിട്ടുമോ?'' ഈ വാക്യം ഒരു ദീർഘവൃത്തമാണു്. അതിന്റെ സംഗീതാത്മകതവും സൗന്ദര്യവും എത്രയെന്നു പറഞ്ഞറിയിക്കുക കേവലം ദുഷ്കരമാകുന്നു. ''പനിനീർപ്പൂവിന്റെ പരിമളവും'' എന്നതിന്റെകൂടെ ഒരു ''ധോരണിയും'' കൂടിച്ചേർത്തു വായിച്ചാൽ ആ വാക്യം കിടന്നു പിടയ്ക്കുന്നതു് ഉടൻ കാണാറാവും. എല്ലാ വാക്യവും ഇതുപോലെ വൃത്തബദ്ധവും നിയതരൂപവും ആണോ എന്നൊരു സംശയം വായനക്കാക്കുണ്ടായേക്കാം. അങ്ങനെയൊരു സംശയത്തിനുതന്നെ അവകാശമില്ലെന്നാണു് എനിക്കു തോന്നുന്നതു്. വേറെ ഒരു വാക്യം നോക്കുക:

''നീലവിൺപൊയ്കയിൽ മുങ്ങിമറഞ്ഞ മഞ്ഞളകുമ്പളങ്ങം മുഴവൻ ആരാമലതകളുടെ അധരപല്ലവങ്ങളിൽ അഹമഹമികയാ വിരിഞ്ഞുപൊന്തി!'' ഇതിൽ 'പൊന്തി' എന്നതിനു പകരം 'പൊന്തിവന്നു' എന്നാണെങ്കിൽ ആ വാക്യം എത്രമാത്രം ദുഃശ്രവമായിരിക്കുമെന്നു പരിശോധിച്ചുനോക്കണമെന്നില്ല. അഥവാ, തങ്ങളുടെ സംഗീതബോധത്തിലെ ഭ്രകമ്പം കാണണമെന്നു വിചാരിക്കുന്നവർ അങ്ങനെ പരിശോധിച്ചുനോക്കുന്നതിൽ വിരോധവുമില്ല.

'ആത്മഗീത'ത്തിലെ വാക്യങ്ങളുടെ ഘടന, അല്ലെങ്കിൽ കെട്ടു്, തീരെ അയവില്ലാത്തതാണു്. ഓരോ വാക്യത്തിലെയും പദങ്ങംതമ്മിലുള്ള ഐക്യം അഥവാ ബന്ധം കേവലം സുദൃഢമാകുന്നു. ടാഗോറിന്റെ 'ഗീതാഞ്ജലി'യിലെ വാക്യങ്ങം വിരിഞ്ഞു വിലസിയ പൂക്കംചേർന്ന മാല്യങ്ങളാണെങ്കിൽ, 'ആത്മഗീത'ത്തിലെ വാക്യങ്ങം വിരിയാറായി നില്ക്കുന്ന മൊട്ടുകംചേർന്ന മാല്യ

ങ്ങളാണു്. അവയുടെ പൂണ്ണസൗരഭ്യം ആസ്വദിക്കാൻ ഈ പദബന്ധദാർഢ്യം ഒരു വിഘ്നമായിരുന്നേക്കാം. പക്ഷേ, അതുകൊണ്ടുതന്നെ തൽസംബന്ധമായ ഉല്ലണ്ണയും ആകാംക്ഷയും ബഹുഗുണം വർദ്ധിക്കയും, ആസ്വാദനം സാദ്ധ്യമായിത്തീരുമ്പോഴത്തെ ആത്മനിർവൃതി നിരുപമമായിത്തീരുകയും ചെയ്യുന്നു. മറെറാരുതരത്തിൽ പറയുകയാണെങ്കിൽ, വാക്യങ്ങളുടെ ഘടനാദാർഢ്യം വളരെ അസ്പഷ്ടതയ്ക്കു കാരണമാകുന്നുണ്ടെങ്കിലും, അസ്പഷ്ടത മാറുമ്പോഴേക്കുണ്ടാകുന്ന അർത്ഥവ്യക്തി ഒറെറനോട്ടത്തിൽ കാണുന്നതിലേറെ അഗാധവും വിപുലവുമായിത്തീരുന്നു. 'ആത്മഗീത'ത്തിലെ ഓരോ പദവും കഴിവിൽ കൂടുതൽ ഭാരം ചുമക്കുന്നുണ്ടു്. പല കവികളുടെയും അടുക്കൽ പദങ്ങളും അത്യാർത്തിയോടെ പാഞ്ഞുചെല്ലുന്നതു് ഇപ്രകാരം ഭാരം ചുമപ്പിക്കുകയില്ലെന്നു് അവയ്ക്കു് അറിവുള്ളതുകൊണ്ടാണു്. എന്നാൽ 'ആത്മഗീത'കർത്താവിന്റെ അടുക്കൽ എത്ര പദങ്ങളും വലിഞ്ഞുകയറിച്ചെന്നാലും നല്ല ശേഷിയുള്ളവയെ മാത്രമേ അദ്ദേഹം തിരഞ്ഞെടുക്കാറുള്ളൂ എന്നാണു തോന്നുന്നതു്. ഈ ഗ്രന്ഥം അദ്ദേഹത്തിന്റെ പ്രഥമകൃതിയാണെങ്കിലും, അതിനെ പരിഗണിച്ചു് അദ്ദേഹത്തോടു നിരൂപകന്മാർ യാതൊരു സൗജന്യബുദ്ധിയും കാണിക്കേണ്ടതില്ല എന്നു് ഇതിലെ ഓരോ വാക്യവും തുറന്നു പറയുന്നുണ്ടു്. ചില സ്ഥാനങ്ങളിൽ ചില പദങ്ങൾ അർത്ഥമില്ലാതെ ആവർത്തിച്ചിരിക്കുകയാണെന്നു് ഉപരിപ്ലവബുദ്ധ്യാ തോന്നിയേക്കാം. ആ തോന്നൽ നമ്മെ യാഥാർത്ഥ്യം അറിയാനുള്ള വഴിയിൽനിന്നു വ്യതിചലിപ്പിക്കാതെ ശ്രദ്ധിക്കേണ്ടതുണ്ടെന്നു പറയുമ്പോൾ, അതിനെ ഒരു മുന്നറിവായി സ്വീകരിച്ചാലും വിരോധമില്ല.

കാലദേശാവധികളില്ലാത്ത ചിന്തകളുടെ ഒരു മഹാഘോഷയാത്ര എന്റെ കൺമുന്നിൽക്കൂടി 'ആത്മഗീത'രൂപത്തിൽ കടന്നുപൊയ്ക്കഴിഞ്ഞിരിക്കുന്നു ഞാനിതാ വിദൂരമായ അതിന്റെ അവസാനാഗ്രത്തിലെ ശബളാഭമായ കൊടിക്കൂറകളും മിന്നി മിന്നി മറയുന്നതു മാത്രമാണു്

ഇപ്പോഴും കാണുന്നതു്. ഗംഭീരമായ അതിന്റെ വിജയ കാഹളധ്വനി ദൂരത്താൽ മുദ്രലമോഹനമായി എന്റെ അ ന്തരാത്മാവിന്റെ ശ്രവണപുടങ്ങളിൽ അലച്ചലച്ചു് ആ മഹത്തായ മൗനവ്യാപ്തിയിൽ വിലയംകൊള്ളുന്നു. പക്ഷേ, മറഞ്ഞാലും മറയാത്ത ഒരു പ്രദർശനം, മൗനത്തി ലും മുഴങ്ങുന്ന ഒരു സംഗീതം, എന്റെ ബോധത്തിന്റെ അന്തർനാളത്തിൽ കുളിർകോരി വിതറിക്കൊണ്ടുവേശേ ഷിക്കയുംചെയ്യുന്നു!

ആത്മഗീതകത്താവു് ആംഗലഭാഷാനഭിജ്ഞനായ ഒരു ആയുർവേദവിദ്യാർത്ഥിയാണെന്നു് എനിക്കറിയാം. അങ്ങനെയല്ലായിരുന്നെങ്കിൽ ഈ കൃതിയുടെ ഏതെല്ലാം ഭാഗങ്ങളുടെ മൂലങ്ങളും എവിടെയെല്ലാം അന്വേഷിക്കേ ണ്ടിവരുമെന്നു ഞാൻ പകച്ചുപോകുമായിരുന്നു. ഭാരതത്തി നു സ്വന്തമായ ഒരു ചിന്താരീതി അന്യഭാഷാപേക്ഷകൂടാ തെ ഒരു ഭാരതീയനുണ്ടാകയില്ലെന്നു തോന്നിയതിലുള്ള ലജ്ജ മാത്രമാണിപ്പോഴും എന്നിൽ അവശേഷിക്കുന്നതു്. കേരളത്തിൽ ഇത്രമാത്രം സ്വതന്ത്രമായി അദൃഷ്ടപൂർവമായ ഒരു സാഹിത്യസമ്പ്രദായം അവതരിപ്പിക്കുന്ന 'ആത്മ ഗീത'ഗായകൻ അതിമാത്രം പ്രശംസനീയനാകുന്നു. മിസ്റ്റിസിസം ഒരു പ്രത്യേകസമ്പ്രദായമാണെന്നു് ആരും ധരിക്കണമെന്നില്ല. 'ആത്മഗീതം' ഒരു മിസ്റ്റിക്കുകവിത ആയതുകൊണ്ടുമാത്രം അതു സമൂഹ്യമാവുകയുമില്ലായിരു ന്നു. ഭാഷാസാഹിത്യത്തിൽ ഈ ഒരു കൃതികൊണ്ടു മാത്രം കവി ഒരു ശാശ്വജീവിയായിത്തീർന്നേക്കാം. അത്രമാത്രം പ്രത്യേകതയും മനോഹരതയും പ്രൗഢിയും അതിനുണ്ടെ ന്നു പറയുന്നതു് സൂര്യനു പ്രകാശമുണ്ടെന്നു പറയുന്നതുപോ ലെ അനാവശ്യമാണെങ്കിലും സഹിക്കുകതന്നെ വേണ്ടി യിരിക്കുന്നു.

പക്ഷേ, എത്രനാൾ കഴിഞ്ഞാണു് ലോകം ഇതിന്റെ മഹനീയത മനസ്സിലാക്കുന്നതെന്നോർക്കുമ്പോൾ ഒരാശങ്ക യും നൈരാശ്യവും നിഴലാടാതിരിക്കുന്നില്ല. വായനക്കാ

രിൽ പലക്കും ഈ കൃതി മനസ്സിലാകാതെവരുമെന്നുള്ള തു് അതിന്റെയോ കവിയുടെയോ വായനക്കാരുടെ തന്നെയോ കുറവല്ലെന്നു് അറിയേണ്ടതായിരിക്കയും ചെയ്യുന്നു. നക്ഷത്രങ്ങൾ എത്ര മിന്നിയാലും സ്വന്തം വെളിച്ചമില്ലെങ്കിൽ ഒന്നുംതന്നെ കാണാൻ കഴികയില്ലെന്നുള്ളതു സ്വതഃസ്പഷ്ടമായ ഒരു പരമാർത്ഥവുമാണു്. ഒട്ടുപേർ ഈ ഗ്രന്ഥം വായിച്ചേക്കാം. ചിലർ അതിനെപ്പറ്റി ആലോചിച്ചേക്കാം. എന്നാൽ, വായിക്കാത്തവരും വായിച്ചാൽത്തന്നെ ആലോചിക്കാത്തവരുമായ ഒട്ടനേകം പേരായിരിക്കും അതിന്റെമേൽ പെളിവാരിയെറിയുന്നതു്. ഇങ്ങനെയൊക്കെയാണെന്നിരുന്നാലും എനിക്കു് ഒന്നറിയാം: 'ആത്മഗീതം' ഭാഷാലോകത്തിലെ ഒരു മഹാസാഹിത്യസംഭവമാകുന്നു!

കൊല്ലം
10–9–110

പി. ദാമോദരൻപിള്ള ബി. എ.

ആത്മഗീതം

I

പുലരിയുടെ കടാക്ഷവീക്ഷണം എന്റെ മേൽ പതിയുക പുത്തരിയല്ല. അവളുടെ മൃദുലാധരോഷ്ണങ്ങൾ അല്പമൊന്നു വിടർത്തിയപ്പോൾ, അതിനെ അനുകരിപ്പാൻ എത്രയെത്ര കുസുമങ്ങൾ ബദ്ധപ്പെടുന്നു! താമരപ്പൂക്കൾ! സൗന്ദര്യത്തിന്റെ നിറകുടങ്ങൾ!

ആ പുഞ്ചിരിപ്പൂനിലാവിൽ എന്റെ മനം തുള്ളിക്കളിച്ചു! ആ ആനന്ദപ്പുഴയിൽ, എന്റെ ഹൃദയം ആറാടി! ഞാൻ സർവ്വം മറന്നു! ഞാൻ എന്നെത്തന്നെ മറന്നു!

ലൂതാതന്തുക്കൾ വജ്രശലാകകളായി! പച്ചിലകൾ തൂവെള്ളിത്തളികകളായി! മുറ്റത്തെ മണൽത്തരികൾ തേജോഗോളങ്ങളായി! പുൽക്കൊടിത്തുമ്പത്തെ മഞ്ഞുനീർത്തുള്ളികൾ— ക്ഷണികതയുടെ കണികകൾ—മഹത്തായ നക്ഷത്രങ്ങളായി!

നത്തുകൾ പൊത്തിലൊളിച്ചു! മൂങ്ങകൾ ഗൗരവഭാവത്തിൽ, അത്ഥഗർഭമായി തുറിച്ചുനോക്കി! ''ഭീരുവായ വെളിച്ചമേ, നീ ഇരുളിന്റെ പിൻതുണ കൂടാതെ വരൂ; കാണട്ടെ'' എന്നു്!

ഞാൻ ഒന്നു നടുങ്ങി! തിരിഞ്ഞുനോക്കി. എന്റെ കാലുകൾ, തമസ്സിൽ ഉറച്ചുനില്ക്കുന്നു!

II

അജ്ഞതയുടെ അഗാധതയിൽ ഒരു നെടുവീർപ്പ്! പാരിന്റെ ആവേഗം! ചിറകുകളണിഞ്ഞു വെളിയിൽ ചാടി! തീയിൽ ചാടി മരിച്ചാലും ഇരുളിൽ ജീവിക്കുവാൻ കഴിയാത്ത ഈയലുകൾ!

ഉണങ്ങിയ വയ്ക്കോൽ മുറത്തു പുകഞ്ഞു! മനുഷ്യന്റെ ദ്രോഹബുദ്ധി! മുൻകരുതൽ! അവന്റെ കറുത്ത ഹൃദയം മരക്കൊമ്പുകളിൽ കണ്ടു! വീണ്ടും വീണ്ടും മുച്ചൂട്ടാൻ തടിയിൽ ചുണ്ടുകളുരസ്സുന്ന കാക്കകൾ! തമസ്സിന്റെ പ്രതിബിംബങ്ങൾ!

എരിയുന്ന തീയിൽനിന്നു് ഒരു ഉഗ്രസ്വം! അയാംക്കുള്ള പ്രതിഫലം!

അവ നശിച്ചില്ല; പിന്തിരിഞ്ഞില്ല. കതിച്ചുചാടി; കാറ്റിൽ പടർന്നുകയറി!

അന്തി ഒരു വലിയ വയ്ക്കോൽക്കുന്നിനു തീ വയ്ച്ചു! പകലിനെ ചുടാൻ!

ഇരുണ്ട പുക വിശാലത്തെ വിഴുങ്ങി!

പകൽ നശിച്ചില്ല. തീപ്പൊരികളായി ആകാശത്തേക്കുയർന്നു! അനന്തമായ ആകാശം നിർമ്മലമായ മുത്തുകളിൽ അലങ്കരിച്ചു! നിത്യതയിൽ വിശ്രമിച്ചു! ഉജ്ജ്വലങ്ങളായ താരകങ്ങൾ!

III

"പ്രഭാതം എന്നെ നോക്കുന്നു. പുഞ്ചിരിതൂകിയപ്പോൾ, പ്രകാശം എനിക്കു നിഴലിനെ കാട്ടിത്തന്നു! സന്ധ്യ എന്നെ നോക്കി മുഖം കറുപ്പി

ല്ലപ്പോഴും, അന്ധകാരം എന്റെ മുമ്പിൽ പൊൻ നാണ്യം നിരത്തിവച്ചു!''

അപാരതയുടെ ഓളംതല്ലലിനാൽ വീണ്ടും ഇളംകാറ്റു പറയുകയാണു്, ''അല്ലയോ മർത്യ, നീ യാതൊന്നും അറിയുന്നില്ല.''

ജനനത്തിന്റെ മരണത്തിനും, മരണത്തിന്റെ ജനനത്തിനും ഇടയിലുള്ള ആ സുവിശാലസാമ്രാജ്യത്തിന്റെ ഏകച്ഛത്രാധിപതി അതു സമ്മതിക്കുമോ? അവൻ പുഞ്ചിരികൊണ്ടു പൂനിലാവു് നിർമ്മിക്കുന്നു, അശ്രുകണംകൊണ്ടു് അമൃതവർഷം ചെയ്യുന്നു, നെടുവീർപ്പുകൊണ്ടു് കൊടുങ്കാറടിപ്പിക്കുന്നു!

മന്ദമാരുതന്റെ നിന്ദാവാചകം, മർത്യന്റെ ഹൃത്തട്ടിൽ ഒരു പുളകമുണ്ടാക്കി! അതു പുല്ലകം പകർത്തി! കാണികകം ഉൽപ്രേക്ഷിച്ചു, മഞ്ഞുനീർത്തുള്ളികളണിഞ്ഞ പുൽക്കൊടികകം അവന്റെ അജ്ഞതയുടെ ചോദ്യരൂപങ്ങളാണെന്നു്!

IV

നിശ്ശബ്ദതയുടെ നിറകുടത്തിൽ ഒരു നീർകുമിള! നശ്വരമായ ജീവലോകത്തിന്റെ ഒരു മാതൃക! അവശതയുടെ അവസാനത്തെ ഞരക്കം!

ഒടുവിലത്തെ കോട്ടവാ, ദീർഘനിദ്രയ്ക്കു കിടക്ക വിരിച്ചു! ഉഴുതുമറിച്ചു പുഞ്ചിരിയിൽ കണ്ണീരിന്റെ വിത്തിട്ട ദൈവം മരണത്തെ കൊയ്തെടുത്തു! നിമിഷാർദ്ധത്തിലെ ചിരഞ്ജീവികകം!

ജീവിതത്തിന്റെ സുഖസുപ്തി, മരണത്തിന്റെ മടിത്തട്ടിൽ!

നെടുവീർപ്പാലോളംതല്ലും ജീവിതപ്പുഴയിലൂടെ, ഒരു പുഞ്ചിരി ഒഴുകിപ്പോയി!

വിളിച്ചാലുണരാത്ത ഉറക്കത്തിൽ, അവനെ എന്നെ വിസ്മരിച്ചിരിക്കാം! എന്റെ തപ്ത ബാഷ്പം അവളുണർത്തുന്ന ഭ്രുവിൽ മഞ്ഞുതുള്ളികളായി വിലസട്ടെ!

മരണമാകുന്ന കിളിവാതിലൂടെ, അപാരതയുടെ അരമനയിലെത്തി, രാജോചിതമായ മണിയറയിൽ അവനെ വിശ്രമിപ്പിക്കാം!

മിഴിമയക്കുന്ന മഴവില്ലിന്റെ അഴകും, മനമലിക്കുന്ന പനിനീർപൂവിന്റെ പരിമളവും പൂന്തേനോലുന്ന പുഞ്ചിരിയുടെ ആരോമലൊല്യും എന്റെ ആത്മാവിന്റെ സംഗീതത്തിൽ കോർത്തു്, ഒരു പൊന്നോമനമാല ചമയ്ക്കാൽ, അതണിയിക്കുവാൻ, ആ കൊച്ചുപൂനിലാവിനെ, ഇനി കിട്ടുമോ?

V

പുലരിയുടെ പുഞ്ചിരിയിൽ മനംമയങ്ങിയ വാനം, അല്ലിനെ ആട്ടിയോടിച്ചു! സുന്ദരങ്ങളായ താരകങ്ങളും അയാളുടെ പിടിയിൽ നിന്നും വഴുതിക്കളഞ്ഞു!

നീലവിൺപൊയ്കയിൽ മുങ്ങിമറഞ്ഞ മഞ്ഞുളകുമിളങ്ങളും മുഴുവൻ, ആരാമലതകളുടെ അധരപല്ലവങ്ങളിൽ അഹമഹമികയാ വിരിഞ്ഞുപൊന്തി!

ഉദ്യാനസൗന്ദര്യം കുളിരിളംപുഞ്ചിരിതൂകിക്കൊണ്ടെനിക്കു് സ്വാഗതമരുളി! ഒരോമനമലർ! പരമലാവണ്യം വഴിഞ്ഞൊഴുകുന്ന കോമളകളേബരം!

ആ പൂവിൽനിന്നുതിരുന്ന പാവനപരിമളത്തിൽ, എന്റെ ആത്മാവു് ചിറകുകൾ വിരിച്ചു! ഒരു സന്തുഷ്ടഖഗത്തെപ്പോലെ ആഹ്ലാദ

ത്തിന്റെ ചക്രവാളത്തെ പിളർന്ന്, അതു നിർവൃതിയിൽ ലയിച്ചു!

സൗന്ദര്യത്തിന്റെ ആത്മാവു് പൊൻചിറകണിഞ്ഞവതരിച്ചു! ഒരോമനപ്പൂമ്പാറ്റ!

അത്യാർത്തിയോടെ അതു പൂവിലണഞ്ഞു! ഇതളുകൾക്കുള്ളിൽ മറഞ്ഞു!

ഉദ്യാനലതകൾ മർമ്മരരവത്താൽ പിറുപിറുത്തു: ''മഴവില്ലു നിർമ്മിക്കുവാനുള്ള അഴകുമുഴുവൻ ഒരു പൂവിൽനിന്നെടുക്കയോ?''

പാവങ്ങൾ!

പൂന്തേൻ നുകർന്നുകഴിഞ്ഞു് അതു വെളിയിൽ വന്നു. മൗനത്തിന്റെ മധുരസംഗീതത്തിൽ അപസ്വരം കലർത്തിയിട്ടെവിടെയോ മറഞ്ഞു!

കഷ്ടം! ഈ സുന്ദരജീവിക്കു സൗന്ദര്യത്തെ ആസ്വദിക്കുവാൻ കഴിയുന്നില്ലല്ലോ?

എന്റെ ഹൃദയം തപിച്ചു! ചെവിക്കല്ലിടപ്പിക്കുന്ന മൗനത്തിന്റെ ഘോരാട്ടഹാസം ആരാമത്തിൽ മുഴങ്ങിക്കൊണ്ടിരുന്നു!

ഞാൻ തുടർന്നു ചോദിച്ചു: ''പരിശുദ്ധമായ ജീവനത്തെ വഹിക്കുന്ന കാറു് കറുക്കുവാൻ കാരണമെന്തു്?''

അന്തി വിടർത്തിയ ചെന്താമരപ്പൂവിൽ ആകാശപതംഗം ചെന്നണഞ്ഞു! ആരും തടഞ്ഞില്ല!

ഞാൻ വീണ്ടും ചോദിച്ചു: ''പരിശുദ്ധമായ ജീവനത്തെ വഹിക്കുന്ന കാറു കറുക്കുവാൻ കാരണമെന്തു്?''

അന്തിയുടെ പൊൻമഷിച്ചെപ്പിൽ തൂവൽ മുക്കി ആരോ താരകലിപിയിൽ ഉത്തരമെഴുതി! ഫലമെന്തു്? ആ ലിപി എനിക്കു നിശ്ചയമില്ല; ആ ഭാഷ എനിക്കു വശമില്ല! ഈ നിരർത്ഥകഭാഷകം പഠിച്ചു്, അതു പഠിക്കുവാനുള്ള സമയം ഞാൻ പാഴിലാക്കി!

ഞാനെന്റെ ഗുരുവിനെ സമീപിച്ചു. ആ സർവ്വകലാവല്ലഭന്റെ കൈമലർത്തിക്കാണിച്ചു!

അഭിജ്ഞതയുടെ പടിവാതിലിൽ ഞാൻ വീണ്ടും വീണ്ടും മുട്ടി. ഇരട്ടിച്ചു നൈരാശ്യച്ചുമടുമായി മടങ്ങിപ്പോന്നു!

അഹങ്കാരത്തിന്റെ തിരത്തല്ലലാൽ സദാ തുള്ളിയിരമ്പിക്കൊണ്ടാത്മപ്രശംസപെയ്യുന്ന കടലിൽനിന്നെനിക്കതു പഠിക്കുവാൻ കഴിഞ്ഞില്ല! ഒടുവിൽ, വനമദ്ധ്യത്തിൽ മൗനസമാധിയിൽ മുഴുകിയിരുന്ന ഒരു പൂവിൽനിന്നും ഞാനതു പഠിച്ചു.

ഞാൻ വായിച്ചു! ഒരു പ്രതിപ്രശ്നമാണു്! ''അനന്തമായ ആകാശം ഒരു നീർക്കുമിളയാകാൻ കാരണമെന്തു്?''

അനന്തമായ ആകാശം ഒരു നീർക്കുമിളയാകാൻ കാരണമെന്തു്?

എനിക്കൊന്നും അറിഞ്ഞുകൂടാ; ഒന്നും അറിയുവാൻ ആഗ്രഹവുമില്ല! മരണമാകുന്ന പൂവിരിയുമ്പോഴും അതിൽ ഒരു പൂമ്പാറ്റയായാൽ മതി.

VI

മഞ്ഞളടളങ്ങളിൽ മഞ്ഞുതുള്ളികളുമായി വിടർന്ന വിലസുന്ന ഒരു പനിനീർപൂ! അഴകും പരിമളവും തുളുമ്പുന്ന ആരോമൽപുഞ്ചിരി! ആരാമരാജ്യത്തിലെ കൊച്ചുറാണി!

പൂന്തിങ്കളിൽ കരിതേച്ച കൈയ്, മുഴുച്ചെ ടിക്കു തീർത്തുവച്ച തങ്കത്താഴികക്കുടം! പുളകമ ണിഞ്ഞ പൂനിലാക്കുഞ്ഞ്! പ്രേമപത്മിനിയി ലെ പൊന്നുഷസ്സ്!

പാഴ്ച്ചെടിയിൽനിന്നും, അതെന്റെ കൈയിലേക്കയന്നു! ഒരു പുഞ്ചിരി പറിച്ചെടു ത്തപ്പോഴേക്കു, എന്റെ കൈസ്സ്, അതിരില്ലാ ത്ത കുളുത്തുണ്ടായി! യോഗദണ്ഡിനേയും ചെ ങ്കോലിനേയും എടുത്തെറിയുവാനുള്ള കുരുത്തു!

ഞാൻ സന്തോഷംകൊണ്ടു മതിമറന്നു! ആഹ്ലാദത്തിന്റെ അക്ഷയപാത്രം ഒന്നുരണ്ടു വിര ലിൽ ഒതുങ്ങി വിളങ്ങി!

ആ സൗന്ദര്യസാരത്തെ ഞാൻ ആവോളം ആസ്വദിച്ചു! നിമിഷങ്ങളെ എന്റെ പാനപാ ത്രത്തിൽ പിന്നെയും പിന്നെയും പരമാനന്ദം പകർന്നുകൊണ്ടിരുന്നു!

ആപത്തിന്റെ സൂചനകളെ അന്തിവി ണ്ണിൽ കണ്ടുതുടങ്ങി! എന്റെ ഓമനപ്പൂവിലെ സുന്ദരദലങ്ങളെ ഒന്നൊന്നായി ഉതിർന്നുപോയി! ഞാൻ മിഴിച്ചുനിന്നു! എന്റെ ഹൃദയം ദ്രവി ച്ചൊഴുകി!

ഇതളുകളുതിർന്ന ചാരുപുഷ്പം; മുള്ളുകള ണിഞ്ഞ പാഴ്ഞെട്ട്!

ഞാൻ ആവേശത്തോടെ അണഞ്ഞു പിടി ച്ചു! അതെന്റെ ജീവനെ കീറുവാൻ തുടങ്ങി! ഞാൻ വലിച്ചെറിഞ്ഞു!

എന്റെ ഹൃദയം വീണ്ടും കൊതിച്ചു! കൊഴിയാത്ത പൂവിനു്! കരകാണാത്ത കണ്ണീർക്കടലിൽ കിടന്നും, ഒരാത്മാവു് പുഞ്ചിരിക്കു തുഴയുന്നു! കൊഴിയാത്ത പൂ! കൊഴിയാത്ത പൂ!

കൊഴിയാത്ത പൂ തേടി ഞാൻ ആരാമം തോറും നടന്നു! നിരാശയുടെ നെടുവീർപ്പുകൾ, ചിരിച്ചാത്തണയുന്ന പകലിനേയും, മുഖം കറുപ്പിച്ചുകെട്ടുന്ന രാവിനേയും ഒരുപോലെ ഭ്രതകാലത്തിന്റെ പാഴ്ക്കണ്ണിലേക്കന്തിത്തള്ളിക്കൊണ്ടിരുന്നു!

പ്രാചിപിടിച്ച അംബരദർപ്പണത്തിൽ മുഖം നോക്കി രസിക്കുന്ന ചെന്താമരപ്പൂക്കളിലും എന്റെ മനസ്സു രമിച്ചില്ല! അവയ്ക്കെന്തു കഴിഞ്ഞു? പുലരിയുടെ പൂങ്കവിളിൽ ഒരു പുഞ്ചിരി ചേർക്കുവാൻ മാത്രം! മണിക്കുറുകളുടെ പിന്നിലായി അവയെ വിഴുങ്ങുവാനിരിക്കുന്ന നിമിഷത്തെ അവ കാണുന്നുണ്ടോ? തമസ്സിന്റെ കൂട്ടികൾ, അവയിലും ആഞ്ഞടിയുവാൻ അത്യാത്തിയോടെ ഉഴന്നു നടന്നു!

ഞാനെന്റെ ചെറിയ കൊതുമ്പുതോണിയിൽ കയറി വീണ്ടും തിരിച്ചു.

പുലരിയുടെ അധരപല്ലവങ്ങളിൽ വിടർന്നു വിലസിയ പുഞ്ചിരിയും വാടിക്കൊഴിഞ്ഞു! അന്തിയുടെ ചെന്താമരപ്പൊയ്കയിൽ വിരിഞ്ഞു പൊന്തിയ ശാന്തതയും കൊഴിഞ്ഞുവീണു!

എന്റെ ഹൃദയം വീണ്ടും വിലപിച്ചു! കൊഴിയാത്ത പൂവുണ്ടോ, കൊഴിയാത്ത പൂ?

വാനിന്റെ വാർകുന്തലിൽ തിരുകിയിരുന്ന പനിനീർപ്പൂവും കൊഴിയുമെന്നു കണ്ടു! ബ്രഹ്മാണ്ഡവൃക്ഷത്തിലെ പുഷ്പങ്ങളായ താരകങ്ങളും കൊഴിയുമെന്നറിഞ്ഞു!

കൊഴിയാത്ത പൂവുണ്ടോ, കൊഴിയാത്ത പൂ!

ഹൃദയരോദനത്തിന്റെ തരംഗപരമ്പരകളെ പിന്നെയും പിന്നെയും പിന്നിലാക്കി ഞാനിരുന്ന പെരുതോണി മുന്നോട്ടു പൊയ്ക്കൊണ്ടിരുന്നു.

അപാരതയുടെ നീലപ്പൂങ്കുലയിൽ പകുതി വിടർന്ന കിഴക്കാംതൂക്കായി കിടന്ന ആകാശപുഷ്പവും കൊഴിയുമെന്നറിഞ്ഞു! രാപ്പകലുകളാകുന്ന ഇതളുകൾ, ഒന്നൊന്നായി വിടർന്നു വിരിഞ്ഞുകൊണ്ടിരുന്ന കാലമാകുന്ന പുഷ്പവും കൊഴിയുമെന്നു കണ്ടു!

കൊഴിയാത്ത പൂവുണ്ടോ, കൊഴിയാത്ത പൂ!

ഞാൻ വീണ്ടും വീണ്ടും വിലപിച്ചു! തോരാത്ത കണ്ണീരൊഴുക്കിൽ എന്റെ ഞാൻതന്നെ ഒഴുകിപ്പോയി!

അലഞ്ഞലഞ്ഞ് ഒടുവിൽ ഞാൻ കടവിലെത്തി! കൊഴിയാത്തപൂകണ്ടെത്തി! പക്ഷേ, അതിനു മണമില്ല, ഗുണമില്ല, അഴകില്ല! എന്നാലും എനിക്കതു മതി!

VII

''നാഥാ!''

ഞാൻ വീണ്ടും വീണ്ടും ആവർത്തിച്ചു! ഉച്ചത്തിൽ നിലവിളിച്ചു! ഒരു ഭ്രാന്തനെപ്പോലെ!

''നാഥാ! അങ്ങെവിടെയാണ്?''

ഇരുൾപുഴയിലെ പെരുതരംഗങ്ങൾ, എന്റെ ചോദ്യത്തെ ഗൗനിച്ചില്ല. അവ ചീവീടൊച്ച

കളിൽ പ്രേമസല്ലാപമുതിർത്തു, അനന്തമായ ആകാശത്തിൽ അലഞ്ഞുനടന്നു!

''നാഥാ! അങ്ങെവിടെയാണു്?''

നിമിഷങ്ങൾ എന്റെ ചോദ്യങ്ങളെ അഗാധതയിലേക്കു വലിച്ചെറിഞ്ഞു! എങ്ങോട്ടെന്നില്ലാതെ, എന്തിനെന്നില്ലാതെ, ഒരു മാറ്റൊലിയുമില്ലാതെ; അവ പോയി മറഞ്ഞു! ശൂന്യതയിൽ!

''നാഥാ! അങ്ങെവിടെയാണു്?''

ഇടറിയ തൊണ്ടയിൽ, കണ്ണീരിന്റെ ഭാഷയിൽ, ഹൃദയത്തിന്റെ അടിത്തട്ടിൽ വീണ്ടും ആവർത്തിച്ചു!

''നാഥാ! അങ്ങെവിടെയാണു്?''

രാപ്പിശാചുക്കൾ, എന്നെ ഭയപ്പെടുത്താൻ ഭയങ്കരമായ ഒച്ചപ്പാടുണ്ടാക്കി—മുങ്ങകൾ!

ആകാശം, അതിഘോരമായി ഗർജ്ജിച്ചു! ഏതോ ഇരുൾചെകുത്താൻ എന്റെനേരെ തീകോരി എറിഞ്ഞു!

ഞാനെന്റെ യജമാനന്റെനേക്കു തിരിഞ്ഞു! പനിനീർപ്പൂ വിടിരുന്ന സ്വരത്തിൽ അദ്ദേഹം എന്നോടു പറഞ്ഞു: ''കുഞ്ഞേ! നീ ഇതു കൊണ്ടൊന്നും ഭയപ്പെടരുതു്.''

മൗനത്തിന്റെ സംഗീതത്തിൽ ശബ്ദജാലം അലിഞ്ഞു ലയിച്ചു; മരണത്തിന്റെ മടിത്തട്ടിൽ ജീവിതം തലചായ്ച്ചു!

ഞാൻ മാത്രം ശേഷിച്ചു! ആരും ഒരക്ഷരം ഉരിയാടുവാനില്ല. ശാസിക്കുവാനും ആരും ഇല്ല!

മൗനത്തിന്റെ കഠിനശിക്ഷ, ശാസനത്തെ ബാലിശമാക്കി!

ഞാൻ എന്തെന്നില്ലാതെ അമ്പരന്നു! എന്റെ ഹൃദയം പൊട്ടിച്ചിതറി!

നശിക്കാത്ത വിത്തിനു് ചെടിയാവാൻ കഴിവില്ല! ചെടിയാവാത്ത വിത്തിനു് നശിക്കാതെ തരമില്ല!

രാജൻകൈലാസ്
കടുവിനാൽ പി. ഓ.
വള്ളികുന്നം -690 501
ആലപ്പുഴ ജില്ല.

മുക്തകങ്ങൾ

1

ഒരു നീർക്കുമിള പൊട്ടുന്ന ശബ്ദം, അലച്ച ലച്ചു്, പ്രപഞ്ചതടാകത്തിന്റെ കരകളെ തഴ കിത്തലോടുമ്പോഴും ഞാനെന്റെ ചെറിയ കൊ തുമ്പുതോണിയിലിരുന്നു് അങ്ങയുടെ മധുര സംഗീതത്തിനൊപ്പിച്ചു് ഹൃദയസ്പന്ദനത്താൽ താളമിടുവാനനുവദിക്കണമേ!

2

ആ പിഞ്ചുപൈതലിനെ ഒരിക്കൽ കൈ യിലെടുത്തപ്പോഴും എന്റെ ആത്മാവെപ്പോഴും തേടിക്കൊണ്ടിരിക്കുന്ന അങ്ങയുടെ ദിവ്യസാ ന്നിദ്ധ്യത്തിന്റെ അവ്യക്തമായ ഒരു മധുരാനുഭ വം എനിക്കുണ്ടായതുപോലെ തോന്നി. നാഥാ, അങ്ങെഴുന്നള്ളുന്ന പള്ളിമേനാവു് ആ പെഞ്ചൊ ടികളുടെ നടുവിൽ കണ്ടപ്പോഴൊന്നും ഞാൻ മന സ്സിലാക്കിയില്ലല്ലോ!

3

നിശ്ചലമായ തടാകത്തിൽ മഴത്തുള്ളി വ രച്ച ചെറിയ വൃത്തത്തെ മായ്ച്ചു മായ്ച്ചു് വലുതാക്കിക്കൊണ്ടിരിക്കുന്ന ആ അദൃശ്യകര ങ്ങളാണു് എന്റെ ഹൃദയമാകുന്ന ചെറിയ വൃത്തത്തെ വലുതാക്കി വലുതാക്കി പ്രപഞ്ചത്തിന്റെ അതി ത്തിരേഖയാക്കുന്നതെന്നായിരിക്കും?

4

ജീവിതത്തിന്റെ ഭിക്ഷാപാത്രത്തിലിടു വാൻ മരണത്തിന്റെ പക്കൽ യാതൊന്നുമില്ല; ജീവിതസരിത്തു് മരണസാഗരത്തിലേക്കൊഴു കിക്കൊണ്ടിരിക്കുന്നു.

5

നിത്യതയിൽനിന്നു് അനിത്യതയിലേക്കൊന്നെത്തിനോക്കിയിട്ടു്, നീക്കുമിളതലവലിച്ചുകളഞ്ഞു!

6

മൊട്ടിന്റെ അന്ത്യശ്വാസത്തിൽ പുഞ്ചിരിയിടുന്ന പൂവും, പൂവിന്റെ ഹൃദയത്തിൽ ഒളുങ്ങിയിരുന്നുകൊണ്ടു് ശാശ്വതതത്ത്വത്തിനുവേണ്ടി തപസ്സുചെയ്യുന്ന ചെടിയും ആരാമത്തിൽ എനിക്കു മാഗ്ദർശികളത്രെ!

7

എനിക്കെന്നെത്തന്നെ കാണുവാൻ കഴിയാത്ത ഇരുളിൽ ഞാൻ വെളിച്ചത്തിന്റെ പേർവിളിച്ചുറച്ചു നിലവിളിച്ചു. അരുണോദയത്തിൽ ആകാശം വിരിഞ്ഞു. ഇരുൾപ്പുഴ മുഴുവൻ ഒഴുകിപ്പോയി. പകലാകുന്ന മണൽത്തിട്ടു്, അധോമുഖമായി വിടർന്ന വിലസുന്ന ആകാശത്തെ ചുംബിക്കുവാനായി മേല്പോട്ടുയർന്നു. ഞാൻ വെളിച്ചത്തിലായി! ഞാനെന്നെക്കണ്ടു. ഇരുൾപ്പാമ്പിന്റെ വായിലകപ്പെട്ട ഒരു തവള!

8

ജീവിതം കൊടുത്ത മൂടുപടവുമണിഞ്ഞു്, ജീവികളെ അനുഗ്രഹിക്കുവാനണയുന്ന മരണമത്രെ നിദ്ര. അതിന്റെ മടിത്തട്ടിൽ തല ചായ്ക്കുവാൻ കൊതിക്കുമ്പോഴും മനുഷ്യൻ മരണത്തെ പഴിക്കുന്നു!

9

അനന്തമായ ആകാശത്തു് വിരാമചിഹ്നങ്ങളിട്ട തുക്കെ, ക്ഷണികങ്ങളായ മഞ്ഞുതുള്ളി

കളിൽ വൈരപ്പൊടിയിട്ട വിളക്കുമ്പോഴും എന്റെ ഹൃദയം ആനന്ദതുന്ദിലമാകാറുണ്ട്!

10

വിടർന്നു കൊഴിയുന്ന പൂക്കളും നിത്യതയുടെ കാൽവയ്പുകളത്രെ!

11

ദൈവത്തിന്റെ ഭാഷ സംസാരിക്കുന്ന പൈതൽ, അതു മറന്നിട്ട്, മനുഷ്യന്റെ ഭാഷ സംസാരിക്കുമ്പോഴും 'വിവേകി'യാകുന്നു!

12

നക്ഷത്രങ്ങളെ മറച്ചു ഇരുളും പകലിന്നലങ്കാരമാണ്. തന്റെ പക്കലുള്ള വെളിച്ചം മുഴുവൻ നക്ഷത്രങ്ങൾക്കു കൊടുത്തിട്ട് രാത്രി, ത്യാഗിയെപ്പോലെ ജീവിക്കുന്നു.

13

മനുഷ്യൻ ഉള്ളിലെ മൃഗത്തിനു പകരം പാവപ്പെട്ട മൃഗത്തെ ബലാൽ പിടിച്ചു കുരുതി ചെയ്തിട്ട്, തന്റെ പരിശുദ്ധാംശത്തിനു പകരം, ചെടിയുടെ പരിശുദ്ധാംശത്താൽ അതു ചെയ്യുന്ന പുഷ്പാഞ്ജലിയെ അപഹരിച്ചു, ആ നിർമ്മാല്യത്താൽത്തന്നെ അങ്ങയെ പൂജിച്ചു സംതൃപ്തനാകുന്നു.

14

അല്ലയോ നിശീഥിനീ, അവിടത്തെ ദയയ്ക്കു നമസ്കാരം! ചിരിപ്പിക്കുന്നതും കരയിപ്പിക്കുന്നതുമായ അനിത്യവസ്തുക്കളെയെല്ലാം ഇരുൾത്തേറിലേക്കു വലിച്ചെറിഞ്ഞിട്ട്, അവിടുന്നു

നിത്യസുന്ദരമായ താരകങ്ങളെ മാത്രം എന്റെ കൺമുമ്പിൽ നിരത്തിവയ്ക്കുന്നുവല്ലോ.

15

വിലാസിനിയുടെ വാർകുന്തലിലിരുന്നു് വിഷാദംകൊള്ളുന്ന പനിനീർപൂവിനു് ആ മുള്ളുകളുടെ നടുവിലെന്തൊരാനന്ദമായിരുന്നു!

16

മന്ദമാരുതനിൽ ആനന്ദനൃത്തംചെയ്യുവാനും മർമ്മരസ്വരത്തിൽ ആകാശത്തോടു നർമ്മസല്ലാപം ചെയ്വാനുമേ മരങ്ങൾക്കു സമയമുള്ളൂ മണ്ണിനടിയിൽ കിടന്നു വേലചെയ്യുവാൻ വേരുകളുണ്ടല്ലോ!

17

അന്തരീക്ഷത്തിൽ അലഞ്ഞുനടക്കുന്ന മിന്നാമിനുങ്ങുകളെ അവയുടെ പിൻവെളിച്ചത്താൽ പരിഹസിക്കുന്നതു് നക്ഷത്രങ്ങൾ സഹിക്കണം.

18

ഞാനാകുന്ന ഒന്നു്, അങ്ങാകുന്ന ഒന്നിലേക്കുഴറുമ്പോൾ, ഈ അനേകങ്ങൾ വന്നു് വഴിമുട്ടിക്കുന്നുവല്ലോ; ഞാനും അങ്ങും അനേകങ്ങളുമില്ലാത്ത ഒന്നിലേക്കു പിൻതിരിയട്ടെ!

19

ആയിരമായിരം അന്തികൾക്കുടയാടമുക്കാനുള്ള ചെഞ്ചായമത്രയും, ഈ ചെമ്പരത്തിപ്പൂടി കൈക്കലാക്കിവച്ചിരിക്കുന്നു!

20

മനോഹരമായ പനിനീർപൂ ലോകത്തിനു സമ്മാനിക്കുവാൻ ഒരു മുഴംപ്പൈടി!

21

അവിവേകത്തിന്റെ കൈയിലകപ്പെട്ട ഇ ഷ്ടമ്പ്പ്പ

26

നീലവെൺപൊയ്കയിൽ നീന്തിക്കളിച്ചു
ല്ലസിക്കുന്ന അരയന്നപ്പിടകളെ വെണ്മേഘശ
കലങ്ങളായിക്കാണുന്ന സൂക്ഷ്മത എന്റെ മിഴി
കൾക്കാവശ്യമില്ല.

27

പെടികളുടെ ഇലകൾ അതിന്റെ പ്രയത
ങ്ങളും പൂവ് അതിന്റെ കൃതാർത്ഥതയുമാകുന്നു!

28

മുള്ളുകളണിഞ്ഞ പാഴ്ഞെട്ടോടുകൂടാത്ത
ഒരു മനോഹരമായ പനിനീർപൂവാണു സംഗീ
തം; അതിനും പാഴ്ഞെട്ടൊന്നു വേണമെന്നുണ്ടെ
കിൽ അതു ഗായകനായിക്കൊള്ളട്ടെ!

29

ഈ കൊടുംവെയിൽകൊള്ളുന്നതെന്തിനെ
ന്നു കവി വൃക്ഷത്തോടു ചോദിച്ചു. വൃക്ഷം മർമ്മര
സ്വരത്തിൽ പറഞ്ഞു: ''എന്നെ ആശ്രയിച്ചു
ഇരുളിനെ രക്ഷിക്കുവാൻവേണ്ടി!''

30

നാഥാ! എന്റെ കണ്ണുകൾ എനിക്കു ഭാരമാ
യിത്തീർന്നിരിക്കുന്നു. എന്നെ കാണാനുപകരി
ക്കുന്ന കണ്ണുകൾ എനിക്കു തരണേ!

31

ഇളംതളിരുകൾ ജീവിക്കുവാൻവേണ്ടി പു
രുഷത്വം സ്വീകരിക്കുന്നു.

32

ആകാശവും ഭൂമിയും പരസ്പരം ഹൃദയോഷ്മ
ളം ചെയ്യുമ്പോഴും ഈ തവളകൾ കിടന്നു മുറവി
ളി കൂട്ടുന്നതെന്തിനു്!

33

ഇരുളാകുന്ന മൂടുപടവുമായി നാണംകുണു
ങ്ങി നിന്ന ചെടികളെ ആ നക്ഷത്രങ്ങളെന്തി
നാശിപ്പിച്ചു? അവ ഇപ്പോഴെവിടെ? ഈ പാവ
ങ്ങളം തങ്ങളുടെ പ്രേമപാത്രങ്ങളെ ഇങ്ങനെ
ദിവാസ്വപ്നത്തിൽ മാത്രം കണ്ടുകഴിഞ്ഞുകൊ
ള്ളണമെന്നോ!

34

ശബ്ദത്തിൽ കുരുങ്ങിക്കിടന്ന ചിറകിട്ടടി
ക്കുന്ന സംഗീതത്തെ ആ കുരുക്കിൽനിന്നു വിട
ർത്തി മൗനത്തിന്റെ അന്തരീക്ഷത്തിൽ പറന്നു
നടക്കാനനുവദിക്കുക!

35

എന്റെ ആഗ്രഹങ്ങളിൽ പ്രപഞ്ചം മുഴുവൻ
തങ്ങിനില്ക്കുമെന്നു ഞാൻ വ്യാമോഹിച്ചിരുന്നു.
ഇന്നാകട്ടെ, ആഗ്രഹങ്ങളിഴഞ്ഞിഴഞ്ഞുണ്ടാക്കി
യ വടിവുകളം പുറമിലും കണ്ടു ഞാൻ ലജ്ജി
ക്കുന്നു!

36

വൻമരങ്ങളെ പിഴുതടിക്കുന്നകൊടുങ്കാറ്റു്
ചെറുപുല്ലുകളെ താലോലിക്കുന്നതെയുള്ളൂ.

37

ഒരു കളങ്കമുണ്ടാക്കി പിരിഞ്ഞുപോകുന്ന
ഇലയ്ക്കുവേണ്ടി വൃക്ഷം എരിപൊരിക്കൊള്ളുന്നു!

38

മതം, സത്യത്തെ കുരിശിൽ തറയ്ക്കുന്നു. കവിയുടെ അസത്യമാകുന്ന നന്ദനോദ്യാനത്തിൽ സ്വച്ഛന്ദം വിഹരിക്കുന്നതു കാണുമ്പോൾ അതുയത്തെഴുനേറ്റതായി പറയപ്പെടുന്നു.

39

ആകാശം തെരുതെരെ കണ്ണീർ വാക്കുന്നു, ഇടയ്ക്കിടെ സ്വന്തദേഹം വലിച്ചുകീറുന്നു; പ്രപഞ്ചം നടുങ്ങുമാറ് അലമുറയിടുന്നു. എന്തിനെന്നാക്കറിയാം? കവി എളുപ്പത്തിൽ കണ്ടുപിടിച്ചു: ''നീക്കുമിളയോടുള്ള ആകൃതിസാമ്യം.''—അതാണതിനു കാരണം! എന്നിട്ടതിരിഞ്ഞുനിന്നയാൾ പറയുന്നു, ''ഈ നീക്കുമിളകളോരോന്നും ആകാശത്തോടുള്ള ആകൃതിസാമ്യത്തിൽ ലജ്ജിച്ചു സ്വശരീരത്തെ ശൂന്യതയിലേക്കു വലിച്ചെറിയുന്നു''വെന്നു്! ഒരാത്മാർത്ഥതയില്ലാത്ത കവി!

40

ചീവീടൊച്ചയിൽ സങ്കടം ബോധിപ്പിക്കുന്ന ഭീരുവായ രാത്രി, സൂര്യനെ മര്യാദപോലുപ്പിച്ചേക്കാമെന്നു മുളിയുറപ്പിക്കുന്നു മുഞ്ഞകളിൽ ധൈര്യം കണ്ടു.

41

ഉറക്കത്തിന്റെ ഏടുകളും ഞാൻ ഒട്ടധികം വായിച്ചുതള്ളി. മരണത്തിന്റെ കഥകളും അതിൽ മനോഹരമായി വർണ്ണിക്കപ്പെട്ടിരിക്കുന്നു.

42

പുല്ലുകളും സംഘംചേർന്നാലും ഒറ്റയ്ക്കുനില്ക്കുന്ന വൃക്ഷത്തോടെന്തുചെയ്യും? അപ്പോഴും എരി

വെയിലിൽനിന്നവയെ കാത്തുകൊള്ളുന്നതാരാണു്!

43

കത്തുന്ന വിളക്കിനു് കാറ്റിനെ പേടിക്കണം.

44

ഇരുളാകുന്ന കരിമ്പടത്തുണ്ടിനാൽ എന്റെ കണ്ണു മൂടണേ, സുന്ദരങ്ങളായ താരകങ്ങളെയൊന്നു കാണുവാൻ!

45

ഇരുപുറവും ചോദിച്ചുകൊണ്ടു നിന്ന രാപ്പകലുകൾക്കു കൊടുക്കാതെ അന്തി അവളുടെ പൂക്കുടയിലെ പൂ മുഴുവൻ വാരി വിണ്ണിലേക്കെറിഞ്ഞപ്പോൾ അന്ധകാരം അരചാളുവാൻ തുടങ്ങി!

46

പിന്നെയും പിന്നെയും വന്നടുക്കുന്ന ഇരുൾപ്പായൽ നീക്കി, അതിന്നിടയിലെ പ്രകാശത്തെ ലോകത്തിനു കാട്ടിക്കൊടുക്കുവാൻ അത്യദ്ധ്വാനംചെയ്യു രാത്രി മുഴുവൻ ഉറക്കമിളയ്ക്കുന്ന മിന്നാമിനുങ്ങുകളെ പകലിന്റെ പാഴ്ക്കീടങ്ങളായി തള്ളിക്കളയുന്ന പ്രഭാതത്തിൽ എന്റെ നാഥാ, ഞാനുണർന്നിരിക്കണമെന്നോ!

ചീവീടൊച്ചകളാകുന്ന മരതകമൊട്ടുകൾ നിറഞ്ഞ ഇരുൾപ്പൂങ്കാവിൽ അങ്ങയുടെ പ്രഭാസ്പുരണങ്ങളാം മിന്നാമിനുങ്ങുകളായി പ്രസരിക്കുമ്പോൾ എന്റെ നാഥാ, ഞാനുറങ്ങിക്കൊള്ളണമെന്നോ!

47

ശൂന്യതയിൽനിന്നു പൂർണ്ണതയിലേക്കും വീണ്ടും ശൂന്യതയിലേക്കും നില്ക്കപ്പൊറുതിയില്ലാതെ ഓടിനടക്കുന്ന നിശാകാന്തനു്, ആ ചെറിയ വെളിച്ചത്തിൽ ധാരാളം തൃപ്തിപ്പെട്ടുകൊണ്ടു് അന്തരീക്ഷത്തിൽ പാറിപ്പറന്നുല്ലസിക്കുന്ന മിന്നാമിനുങ്ങുകളുടെ ജീവിതാദർശമറിയാൻ കഴിയുന്നില്ല.

48

പകലിനു ചേക്കേറാൻ പ്രകൃതി നിർമ്മിച്ച കൂടാണു രാത്രി!

49

എന്റെ സംഗീതത്തിന്റെ ഉറവ, മൗനത്താൽ പരിശുദ്ധമാക്കപ്പെടട്ടെ!

50

ഒരു മഞ്ഞുതുള്ളി താങ്ങുവാൻ കരുത്തില്ലാത്ത പുൽക്കൊടി, രാത്രിയോടത്ഥിച്ചതു നക്ഷത്രത്തെയാണു്!

51

പെമ്പട്ടറയിൽനിന്നുരവേതന്നെ ഇരുൾപെരുമ്പടകളെപ്പിന്തിരിച്ചോടിച്ച ആ ഉജ്ജ്വലമായ വജ്രായുധം ഉഷസ്സുയർത്തിപ്പിടിച്ചു: വിജയോദയം!

52

മരുഭൂമിയെക്കാണാനേ അസൂയയുള്ളു കണ്ണുള്ളവർ!

53

സൂര്യന്റെ ഒരു ചുംബനം മതി, കണ്ണീർക്കണവും പുഞ്ചിരിതൂകാൻ!

54

ഒരു മനോഹരമായ ചിത്രം, അത്രമാത്രം അതിന്റെ പശ്ചാത്തലത്തെ മറയ്ക്കുന്നു!

55

നക്ഷത്രങ്ങൾക്കു സ്വാഗതമരുളുവാനുള്ള ബദ്ധപ്പാടിൽ അന്തി സൂര്യനു കൃതജ്ഞത പറയുവാൻ മറന്നുകളഞ്ഞു!

56

കുറിരുട്ടത്തു്, ഒരു പുല്ലിന്മേലിരുന്നാൽ മിന്നാമിനുങ്ങു് നക്ഷത്രത്തേക്കാൾ പ്രകാശിക്കും. അനന്തമായ ആകാശത്തു വിഹരിക്കുന്ന നക്ഷത്രം അവിടെ അസൂയപ്പെടാറുണ്ടോ?

57

പൃഥിവിയുടെ ഉരാഗ്രഹങ്ങളെന്നപോലെ ഉയർന്നയർന്നു് ആകാശത്തിലേക്കു പിടിച്ചുകയറുവാനത്യാർത്തിപ്പെടുന്ന വന്മരങ്ങൾ, രാത്രിമുഴുവൻ വിങ്ങിവിങ്ങിക്കരഞ്ഞു് രാവിലെ കണ്ണീരുമായി നിലംപററിക്കിടക്കുന്ന പാഴ്പുല്ലുകളുടെ കഥ എന്തറിയുന്നു!

58

ജീവിതമാകുന്ന മരുഭൂമിയിൽ മറവിയെന്നുള്ള ദൈവത്തിനു് നാം നന്ദിപറയുക; അതിന്റെ തണലിൽ നമുക്കു വിശ്രമിക്കാം.

59

മരണത്തിന്റെ ഇരുളടഞ്ഞ നിഴൽപ്പാടുത്രേ ജീവിതം; മൂങ്ങകളെപ്പോലെ ഇരുളിൽ മാത്രം ജീവിക്കുവാനിഷ്ടപ്പെടുന്ന മനുഷ്യൻ മരണത്തെ കഠിനമായി വെറുക്കുന്നു.

60

വേരുകളും മണ്ണിലും ശാഖകളും വിണ്ണിലും സ്വാതന്ത്ര്യത്തെ അന്വേഷിക്കുന്നതിനാൽ വൃക്ഷം ജീവിക്കുന്നു.

61

ആ ദിവ്യപ്രകാശത്തിന്റെ ഒരംശംപോലും നമുക്കു കിട്ടരുതെങ്കിൽ, അതിനെ മറയ്ക്കാൻ, നിറയെ എഴുമ്പരിച്ച പാഴ്ഭൂതകളോടുകൂടിയ ആകാശപ്പരവതാനിയെത്തന്നെ തിരഞ്ഞെടുത്തതെന്തിനു്?—നിയതിയുടെ ദയ!

62

പനിനീർപ്പൂവിന്റെ ഇതളെണ്ണുവാൻ സഹൃദയനു സമയമില്ല; അതു വേണമെങ്കിൽ നിരൂപകൻ ചെയ്തുകൊള്ളട്ടെ!

63

ഒരുതുള്ളി വെള്ളത്തിനുവേണ്ടി എരിപൊരിക്കൊള്ളുന്ന മണൽപ്പുറം, പിന്നെ, ആകാശം കാണുവാൻ കൊതിക്കുകയായി!

64

കുനിയുവാനുള്ള മെയ്‌വഴക്കമില്ലാത്ത നിന്റെ അഹങ്കാരത്തെ നീ പിന്നെയും പിന്നെയും വണ്ണിപ്പിക്കുന്നുവോ?...

65

നാഥാ, ഞാനാ ഉർവ്വരത്തിന്റെ കഴുത്തിനു നേരെ അങ്ങു തന്ന കൈവാളോങ്ങുമ്പോഴും ഈ അഹിംസ എന്നെ തടയുന്നു; കൈ കടന്നുപിടിക്കുന്നു!

66

കാലത്തിന്റെ കരുക്കിൽപ്പെട്ടാലുടനടി രക്ഷപ്പെടുന്ന നീക്കുമിളകളെപ്പറ്റി ഹസിക്കുകയും, ആ കരുക്കിൽത്തന്നെ കിടന്നു ഭയന്നു നടുങ്ങുന്ന നക്ഷത്രങ്ങളെ നിത്യങ്ങളെന്നു വാഴ്ത്തുകയും ചെയ്യുന്ന ലജ്ജാവഹമായ ബുദ്ധിശൂന്യത കവികളുടെ ജന്മാവകാശമത്രേ!

67

മഴവില്ല നിർമ്മിക്കുവാനുള്ള അഴകു മുഴുവൻ സംഭരിച്ചിരിക്കുന്ന കലവറയിലേക്കു് അല്ലയോ കലാകാരാ, അങ്ങെന്നെക്കൂടി കൊണ്ടുപോകുമോ?

68

സംഗീതത്തിന്റെ രാക്കുപൊടികളാകുന്ന ചീവീടൊച്ചകളെ ഇരുളാകുന്ന മെഴുകിൽ പതിച്ചു് മൂങ്ങകളുടെ മൂളലാൽ ഉലയൂതി ഉരുക്കിവാർത്ത കനകശലാകകളാണു പ്രഭാതത്തിൽ നമുക്കു കിട്ടുന്ന പൈങ്കിളിപ്പാട്ടുകളെങ്കിൽ, നമുക്കു കിട്ടാത്തതും, കിട്ടാനിടയില്ലാത്തതും, അർദ്ധരാത്രിയുടെ നിശ്ചലതയിൽവച്ചു് വീണ്ടും വീണ്ടും രാകിമിനുക്കി അനന്തസൗന്ദര്യത്തിന്റെ താഴികക്കുടമെന്നോണം അപാരതയുടെ അരമനയിൽ സൂക്ഷിക്കുന്നതുമായ ആ ദിവ്യസംഗീതത്തിന്റെ മാധുര്യം എന്തായിരിക്കും?

69

നീലവിൺപലകമേൽ നിറമുള്ള ചിത്രങ്ങൾ വരച്ചു് ഇരുൾപ്പൈതലിനെ മുമ്പിൽ കൊണ്ടിരുത്തി കളിച്ചുകൊള്ളുവാൻ പറഞ്ഞിട്ടു് അന്തി അവളുടെ പ്രിയതമനെ ശുശ്രൂഷിക്കുവാൻ പോയി!

70

പ്രഭോ, അങ്ങു തന്ന വസ്ത്രം തിരിച്ചെടുത്തിട്ട്, അങ്ങയുടെ ദിവ്യസന്നിധിക്കു ചേരുന്ന വസ്ത്രം തരണേ!

71

വിണ്ണിനു് നക്ഷത്രങ്ങളുണ്ടു്; പാവപ്പെട്ട മണ്ണിനോ? മിന്നാമിനുങ്ങുകളും, പാഴ്കുമിളകളും!

72

എന്റെ നെടുവീർപ്പു് അങ്ങയുടെ പടിവാതിലിൽ മുട്ടിക്കഴിഞ്ഞു. തിരുമുൽക്കാഴ്ചയ്ക്കു യാതൊന്നും ഒരുങ്ങിയിട്ടില്ല. എന്റെ സമ്പാദ്യം, ഒരു ചെറുകുമ്പിളിൽ നാലഞ്ചു കണ്ണീർക്കണങ്ങൾ മാത്രം! നാഥാ, അതു മുത്തുകളായി അങ്ങു സ്വീകരിക്കുമോ?

73

മറുകരകാണാത്ത ഇരുളാഴിയിൽ നങ്കൂരമിട്ടുറപ്പിച്ചിരിക്കുന്ന നക്ഷത്രനൗകകളെ പരിഹസിക്കേണ്ട; തനതുവെളിച്ചമാകുന്ന ചെറുതോണികളിൽ സൈരസഞ്ചാരംചെയ്യുന്ന മിന്നാമിനുങ്ങുകളെ അനുമോദിക്കുക!

74

മരണത്തിന്റെ കൊഴിഞ്ഞ ഇതളുകളെപ്പോലെ ചിതറിക്കിടന്ന ജീവിതസുഖങ്ങളിൽ എന്റെ ഹൃദയം പറന്നുപറന്നു, ഒരു പൂമ്പാറ്റയുടെ നിരാശതയോടെ അതു പിന്നെയും പിന്നെയും പിന്മാറി.

75

രാത്രിയുടെ പുഷ്പങ്ങൾ നക്ഷത്രങ്ങളും പകലിന്റെ നക്ഷത്രങ്ങൾ പുഷ്പങ്ങളുമത്രേ!

76

രാത്രിയോട് പടവെട്ടിപ്പിടിച്ച നക്ഷത്രങ്ങളുമായി നില്ക്കുന്ന പെടികളെ പ്രഭാതമാരുതൻ തഴുകിപ്പുണരുന്നു.

77

ഉജ്ജ്വലങ്ങളായ താരകങ്ങളെ ആകമാനം അടിച്ചുവാരി മറയത്തെറിയുന്ന പ്രഭാതകരങ്ങൾ, പുല്ലൊടിത്തുമ്പിലെ മഞ്ഞുനീർത്തുള്ളികളെ ഒന്നൊന്നായി പേണിയെടുത്ത ഭദ്രമായി സൂക്ഷിക്കുന്ന കാഴ്ച ഞാനും നിങ്ങളും കൺനിറയെ കാണണം!

78

അനന്തമായ ആകാശത്തിൽ ചക്രവാളം സൃഷ്ടിച്ച മർത്യൻ കണ്ണടച്ചാൽ മദ്ധ്യാഹ്നത്തിലും ഇരുൾതന്നെ!

79

മരണത്തിനും മുങ്ങിത്തപ്പിയാൽ കിട്ടാത്ത വണ്ണം മനുഷ്യൻ ചിലപ്പോൾ കണ്ണീർക്കയത്തിലാണ്ടുപോകാറുണ്ട്.

80

എന്ത്; എന്റെ പരാജയത്തിന്റെ കണ്ണികൾകൊണ്ട്, അങ്ങ് വിജയശൃംഖല നിർമ്മിച്ചുതരുമോ?

81

വെളിച്ചത്തേക്കാൾ വലിയ ഇരുൾ, ധൈര്യത്തേക്കാൾ ഭീരുത്വവും ഞാൻ ഒരടിത്തും കാണുന്നില്ല.

82

ഭൂമിയിൽനിന്നകലുംതോറും വൃക്ഷം ഭൂമിയെ കൂടുതൽ ആശ്രയിക്കുന്നു.

83

മൺതരിയുടെ മൗനത്തിനു് ഏറുമ്പുകൾ ഭാഷ്യം ചമയ്ക്കുന്നു.

84

പുല്ലുകൾ കൈചൂണ്ടി; ഞാൻ നോക്കി: ശൂന്യമായ ആകാശം! അവ ചോദിച്ചു: ''നിന്റെ നിത്യങ്ങളായ താരകങ്ങളെവിടെ?''

85

സ്വർണ്ണം മണ്ണാണെന്നു പറയുന്നതു്, സ്വർണ്ണം സ്വർണ്ണമാണെന്നു പറയുന്നതിനേക്കാൾ ബുദ്ധി ശൂന്യമല്ല!

86

ഭാഷയുടെ പിടിക്കുള്ളിൽ കിടന്നു പിടയുന്ന ആശയത്തിനു് അരികിൽ വിടർന്നുനില്ക്കുന്ന പനിനീർപ്പൂവിനെ തൊടുവാൻ കഴിയുന്നില്ല.

87

ഇരുൾ പോയി; കാലമാല്യം പൊട്ടി ഞാനാകുന്ന ലോലതന്തുവിൽനിന്നുതിർന്നുവീണ നിമിഷങ്ങളെപ്പോലെ അങ്ങിങ്ങു കാണായ താരങ്ങളെല്ലാം അലിഞ്ഞലിഞ്ഞു് അനന്തതയിൽ ലയിച്ചു!



ആത്മഗീതം

ടി. കെ. നാരായണക്കുറുപ്പ്

ആയുർവ്വേദചികിത്സയിൽ മഹനീയപാരമ്പര്യമുള്ള ഒരു കുടുംബത്തിൽ ജനിച്ചു് സംസ്കൃതവും ആയുർവ്വേദവും ഗുരുകുലരീതിയിൽ അഭ്യസിച്ചപ്പോഴും ആംഗലഭാഷാനഭിജ്ഞനായ ഒരു യുവാവു് ടാഗോറിന്റെ ഗീതാഞ്ജലിയുടെ സ്വരലയങ്ങളുള്ള ഗദ്യകവിതകളും മലയാളത്തിലെഴുതിത്തുടങ്ങിയപ്പോഴും ചിലർക്കു് അതൊരത്ഭുതമായിത്തോന്നി; മറ്റുചിലർക്കു് അതു് അവിശ്വസനീയമായ ഒരു പുതുമയായും തോന്നി. 1935—ലാണു് ശ്രീ കുറുപ്പു് 'ആത്മഗീതം' പ്രസിദ്ധപ്പെടുത്തിയതു്. നിരൂപകവര്യനായ ശ്രീ പി. ദാമോദരൻപിള്ള അന്നു് ഇതിന്റെ അവതാരികയിൽ എഴുതി: ''ഭാഷാസാഹിത്യത്തിൽ ഈ ഒരു കൃതികൊണ്ടു മാത്രം കവി ഒരു ശാശ്വതജീവിയായിത്തീർന്നേക്കാം. അത്രമാത്രം പ്രത്യേകതയും മനോഹരതയും പ്രൗഢിയും ഇതിനുണ്ടെന്നു പറയുന്നതു് സൂര്യനു പ്രകാശമുണ്ടെന്നു പറയുന്നതുപോലെ അനാവശ്യമാണു്.'' 1945—ൽ ശ്രീ കുറുപ്പു് കൊല്ലത്തുനിന്നു് 'ടാഗോർ' എന്ന പേരിൽ ഒരു മാസിക ക
ക്കാലം പ്രകാശിപ്പിക്കയുണ്ടായി. മൂന്നു
വർഷം പഴക്കമുണ്ടെങ്കിലും അതിന്റെ ലക്ഷ
ഇന്നത്തെ പല മിനി ആർട്ടു് മാസികകളേ
അനുസ്മരിപ്പിക്കുന്നവയാണു്. 'ടാഗോർ' മാസികയിലെ ഏറ്റവും ആകർഷകമായ ഒരിനമായിരുന്നു കുറുപ്പിന്റെ മുക്തകങ്ങൾ. ആ മുക്തകങ്ങൾ കൂടി സഞ്ചയിച്ചു് ആത്മഗീതത്തിന്റെ ഈ പുതിയ പതിപ്പിൽ ചേർത്തിരിക്കുന്നു.

വില 3·00

നാഷനൽ ബുക്കു് സ്റ്റാൾ